# ഗവ: ഹൈസ്കൂൾ തച്ചങ്ങാട്

## അക്കാദമിക മാസ്റ്റർ പ്ലാൻ
## 2025-2026

**അടിസ്ഥാന വിവരങ്ങൾ**

| | |
|---|---|
| സ്കൂളിന്റെ പേര് | : ഗവ:ഹൈസ്കൂൾ, തച്ചങ്ങാട് |
| വില്ലേജിന്റെ പേര്/വാർഡ് | : പനയാൽ, വാർഡ് 5 |
| പഞ്ചായത്തിന്റെ പേര് | : പള്ളിക്കര |
| വിദ്യാഭ്യാസ ഉപജില്ല | : ബേക്കൽ |
| വിദ്യാഭ്യാസ ജില്ല | : കാഞ്ഞങ്ങാട് |
| നിയമസഭാമണ്ഡലം | : ഉദുമ |
| ബ്ലോക്കിന്റെ പേര് | : കാഞ്ഞങ്ങാട് |
| ലോകസഭാമണ്ഡലം | : കാസറഗോഡ് |
| പ്രധാനാധ്യാപികയുടെ പേര് | : സജിത. കെ. എം |
| മൊബൈൽ നമ്പർ | : 9495806510 |

# ആമുഖം

ഏതൊരു നാടിന്റെയും സാമൂഹികവും സാംസ്കാരികവുമായ പുരോഗതിയെ നിർണയിക്കുന്ന സ്ഥാപനങ്ങളാണ് അവിടെയുള്ള വിദ്യാലയങ്ങൾ. പ്രാദേശിക സമൂഹത്തിന്റെ പൊതുകേന്ദ്രമെന്ന നിലയിൽ തച്ചങ്ങാട് ഗ്രാമത്തിന്റെ ഭാഗധേയത്തെ കഴിഞ്ഞ 70 ൽ അധികം വർഷങ്ങളായി ഗുണപരമായും സൃഷ്ടിപരമായും രൂപപ്പെടുത്തി വരുന്ന വിദ്യാഭ്യാസ കേന്ദ്രമാണ് തച്ചങ്ങാട് ഗവ.ഹൈ സ്കൂൾ. നിരവധി തലമുറയ്ക്ക് അക്ഷരങ്ങളുടെ ആദ്യ മധുരം നൽകി അക്ഷരങ്ങളുടെ വിശാല ലോകത്തിലേക്ക് കൈപിടിച്ചുയർത്തിയ ഈ വിദ്യാലയം പ്രവർത്തനമാരംഭിക്കുന്നത് 1953 ൽ ആണ്. ജില്ലയിലെ തന്നെ ഏറ്റവും പഴക്കമേറിയ സർക്കാർ വിദ്യാലയങ്ങളിൽ ഒന്നാണ്. മലബാർ ഡിസ്ട്രിക്ട് ബോഡിന്റെ (പഴയ മദിരാശി സംസ്ഥാനം ) കീഴിലുള്ള ആദ്യകാലത്തെ 48 വിദ്യാലയങ്ങളിൽ ഒന്നാണ് നമ്മുടെ വിദ്യാലയം.

തച്ചങ്ങാടിന്റെ അയൽഗ്രാമമായ അരവത്ത് ഇന്നത്തെ ഭജനമന്ദിരത്തിനടുത്ത് വാഴുന്നോരുടെ പട്ടസ്ഥലത്ത് പുല്ലുമേഞ്ഞ കെട്ടിടത്തിലാണ് വിദ്യാലയം തുടങ്ങിയത്. ഏകാധ്യാപക വിദ്യാലയമായിരുന്നു. ഉദുമയിലെ വി.വി കൃഷ്ണൻ ആയിരുന്നു ആദ്യത്തെ പ്രധാനാധ്യാപകൻ. 1960 കളിലെ മഴക്കാലത്ത് സ്കൂൾ കെട്ടിടം ഭാഗികമായി തകർന്നതായി പറയപ്പെടുന്നു. പിന്നീട് തച്ചങ്ങാടിന് വടക്ക് കൃഷ്ണൻ മണിയാണിയുടെ ചായപീടിക താൽക്കാലിക കെട്ടിടമായി പ്രവർത്തിച്ചു പോന്നു. കാലന്തരത്തിൽ എൽ.പി യു.പി ആയും തുടർന്ന് ഹൈ സ്കൂൾ ആയും അപ്ഗ്രേഡ് ചെയ്യപ്പെട്ടു. നിലവിൽ 1700 ൽ അധികം വിദ്യാർഥികൾ പഠനം നേടുന്നു. പി.ടി.എ യുടെ നേതൃത്വത്തിൽ ആരംഭിച്ച പ്രീ പ്രൈമറി വിഭാഗത്തിൽ 100 ഓളം കുട്ടികൾ ഉണ്ട്.

ഈ അടുത്ത കാലത്ത് സർക്കാർ ഫണ്ടിൽ നിന്നും അനുവദിക്കപ്പെട്ട കോൺക്രീറ്റ് കെട്ടിടങ്ങൾ വിദ്യാലയത്തിന്റെ ആവശ്യങ്ങളെ ഒരു പരിധിവരെ പരിഹരിക്കപ്പെടാൻ കഴിഞ്ഞു . ഭൗതിക സാഹചര്യങ്ങൾ ഒരുക്കാൻ പി.ടി.എ, എസ്.എം.സി, മദർ പി.ടി.എ, വിദ്യാലയ വികസന സമിതി എന്നിവരുടെ ഇടപെടൽ ശ്ലാഘനീയമാണ്. 70 വർഷത്തിൽ അധികമുള്ള പ്രവർത്തന കാലയളവിൽ അസൂയാവഹമായ പല നേട്ടങ്ങളും വിദ്യാലയത്തിന് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. മികവിൽ നിന്നും നിറവിലേക്കുള്ള പ്രയാണത്തിൽ ഒരു നാട് മുഴുവൻ വിദ്യാലയത്തിന് താങ്ങായി നിൽക്കുന്നു.

ഉള്ളടക്കത്തിലും പ്രയോഗത്തിലും സാമൂഹിക കാഴ്ച്ചപാടുകൾ സന്നിവേശിപ്പിച്ച് സാമൂഹ്യ വൈജ്ഞാനിക ദാർശനിക തലത്തിലൂന്നിയ പാഠ്യ പദ്ധതിയാണ് നമ്മൾ സ്വീകരിച്ചിരിക്കുന്നത് കേവല ജ്ഞാന സമ്പാദനത്തിനപ്പുറം ചലനാത്മകവും വികസനോന്മുഖവും പ്രശ്നങ്ങളെ മുറിച്ച് കടക്കാനുള്ള പ്രായോഗിക ശേഷി നൽകുന്നതുമായ ഒരു സർഗാത്മക പ്രവർത്തനമായി പഠനം മാറുകയാണ്. ഈ ഒരു കാഴ്ച്ചപ്പാട് അതിന്റെ അർത്ഥത്തിലും വ്യാപ്തിയിലും ഉൾകൊള്ളുകയും പ്രായോഗികതകയുമാണ് അക്കാദമിക സമൂഹം ഏറ്റെടുത്ത് ചെയ്യേണ്ടത്. അതിന് പര്യാപ്തമായ വിധത്തിൽ വിദ്യാലയ അന്തരീക്ഷം അക്കാദമികവും ഭൗതീകവുമായ അതിന്റെ സാഹചര്യങ്ങൾ മാറേണ്ടതുണ്ട്. ആധുനിക വിവരവിജ്ഞാന സാംകേതിക വിദ്യയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താൻ പാകത്തിൽ വിദ്യാലയത്തെ ഉയർത്തി കൊണ്ടുവരേണ്ടതാണ്. അതിലൂടെ മാത്രമേ ഗുണമേൻമ വിദ്യാഭ്യാസം എന്ന മഹത്തായ ലക്ഷ്യം സാക്ഷാത്കരിക്കാനും പ്രാദേശിക സമൂഹത്തിന്റെ പൊതുഇടമായി മാറ്റാനും കഴിയൂ. ഈ ഒരു

പശ്ചാത്തലത്തിൽ തുല്യതയും ഗുണമേന്മയും ഉറപ്പുവരുത്തുന്ന വിദ്യാലയമെന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ ഉതകുന്ന തരത്തിൽ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

## ലക്ഷ്യം

ഒന്നു മുതൽ പത്ത് വരെ ക്ലാസുകളിലെ മുഴുവൻ കുട്ടികൾക്കും പാഠ്യ പദ്ധതി വിഭാവനം ചെയ്യുന്ന മുഴുവൻ പഠന ലക്ഷ്യങ്ങളും ശേഷികളും ആർജിക്കാനുതകുംവിധം അക്കാദമിക പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് അനുഗുണമായ അക്കാദമിക-ഭൗതിക പശ്ചാത്തലം സ്വീകരിക്കുകയും ഗുണമേന്മയുള്ളവിദ്യാഭ്യാസം ഉറപ്പുവരുത്തുകയും ചെയ്യും. പുതിയ പാഠ്യപദ്ധതിയും പാഠപുസ്തകവും വിഭാവനം ചെയ്യുന്ന തലത്തിലേക്ക് നമ്മുടെ കുട്ടികളെ എത്തിക്കുക.

കാഴ്ചപ്പാട് നയരേഖ

'Vision Document )

അക്കാദമികവും ഭൗതികവും സാമൂഹികവും സാംസ്കാരികവുമായ മേഖലകളിൽ ഇതേവരെ കൈവരിച്ച മികവുകൾ നിലനിർത്തുന്നതിനോടൊപ്പം നൂതന സാങ്കേതികവിദ്യയുടെയും ബോധന രീതികളുടെയും ഫലപ്രദമായ പ്രയോഗത്തിലൂടെ വിദ്യാലയത്തെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുകയും,പ്രാദേശിക സമൂഹത്തിന്റെ പൊതു സാംസ്കാരിക ഇടമായി വിദ്യാലയത്തെ മാറ്റാൻ ഉതകുന്ന രീതിയിൽ ഭൗതിക - അക്കാദമിക സാഹചര്യങ്ങൾ ഒരുക്കുകയും വേണം. സാമൂഹ്യപങ്കാളിത്തത്തോടെ വിദ്യാലയത്തെ പുതിയ പാഠ്യപദ്ധതിക്ക് അനുസരണമായി ഹൈടെക് ആക്കി മാറ്റിയെടുക്കുകയും ചെയ്യുക.ഓരോ വിഷയത്തിലും ലോകനിലവാരത്തിലുള്ള അറിവും ശേഷികളും അതാത് ക്ലാസുകളിൽ നേടുന്നുവെന്ന് ഉറപ്പാക്കുന്നതിനോടൊപ്പം, മൂല്യങ്ങൾ,മനോഭാവങ്ങൾ, പരിസ്ഥിതി ബോധം, സഹജീവി സ്നേഹം എന്നിവ വളർത്തുന്നതിന് ഉപയുക്തമായ വിധത്തിൽ വിദ്യാലയ അന്തരീക്ഷം ഒരുക്കുക.

1. അവസ്ഥാവിശകലനം ഭൗതികമേഖല മികവുകൾ

വിദ്യാലയത്തിന് സ്ഥല ലഭ്യത ഒരു പരിധിവരെ ഉണ്ട്. പിടിഎയുടെ സഹകരണത്തോടെ അസംബ്ലി ഹാൾ കോൺഫറൻസ് എന്നിവ നിർമ്മിക്കാൻ കഴിഞ്ഞിട്ടുണ്ട്. പൊതുസമൂഹത്തിന്റെ നല്ല പിന്തുണ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിൽ ഉണ്ട്. ഐ. ടി.അധിഷ്ഠിത പഠനം ഒരു പരിധിവരെ കാര്യക്ഷമമായി നടക്കുന്നു. എല്ലാ കെട്ടിടങ്ങളും വൈദ്യുതീകരിച്ചിട്ടുണ്ട്. ലൈബ്രറി,കമ്പ്യൂട്ടർ ലാബ്, സയൻസ് ലാബ് എന്നിവ പ്രത്യേകം മുറികളിൽ പ്രവർത്തിക്കുന്നുണ്ട്. കായിക ശേഷി നിർവഹിക്കാൻ മൈതാനവും ലഭ്യമാണ്. കുടിവെള്ള സൗകര്യവും ശുചിമുറികളും ഒരു പരിധി വരെ ലഭ്യമാണ്. ഔഷധസസ്യ പരിപാലനവും മറ്റും താരതമ്യേന മികച്ച രീതിയിൽ നടക്കുന്നു.

ഭൗതികമേഖല-പരിമിതികൾ

ഓരോ വർഷം കഴിയുന്തോറും കുട്ടികളുടെ എണ്ണം വർദ്ധിക്കുന്നുണ്ട്. എന്നാൽ അതിനനുസരിച്ച് പഠനമുറികൾ ലഭ്യമല്ല. ഒന്നാം ഭാഷ പഠന സമയത്ത് മറ്റു മുറികൾ ആവശ്യത്തിന് ഇല്ലാത്ത അവസ്ഥ വരുന്നുണ്ട്. അക്കാദമിക പ്രവർത്തനങ്ങളുടെ ഭാഗമായുള്ള എക്സ്ട്രാ കരിക്കുലം പ്രവർത്തനങ്ങൾ ശരിയാംവണ്ണം നടത്താൻ ആവശ്യമായ സൗകര്യങ്ങളില്ല. ഉദാഹരണം എസ്. പി.സി, സ്കൗട്ട് ആൻഡ് ഗൈഡ്, ഗ്രീൻ പോലീസ് മുതലായവ. പെൺകുട്ടികൾക്ക് അവരുടെ എണ്ണത്തിനനുസരിച്ച് ശുചിമുറികൾ പര്യാപ്തമല്ല. പ്രീപ്രൈമറിക്ക് സ്വന്തമായി കെട്ടിടസൗകര്യം ഇല്ല. കളിസ്ഥലം വ്യത്യസ്ത കളികൾക്ക് അനുയോജ്യമല്ല. പൊടിയുടെ ശല്യം ക്ലാസ് റൂം പ്രവർത്തനങ്ങളെ ബാധിക്കുന്നു. എല്ലാ കുട്ടികൾക്കും ഐടി പഠനം സാധ്യമാകുന്നില്ല. കമ്പ്യൂട്ടർ സാമഗ്രികളുടെ കുറവ് പ്രധാന ഘടകമാണ്.

അക്കാദമിക മേഖല പൊതു മികവുകൾ

ഉപജില്ല,ജില്ല, സംസ്ഥാനം എന്നീ തലങ്ങളിലെ വിവിധ അക്കാദമിക പ്രവർത്തനങ്ങളിൽ വിദ്യാലയത്തിലെ കുട്ടികൾ മികവുകൾ പ്രകടിപ്പിക്കുന്നുണ്ട്. ശാസ്ത്രമേള, കലോത്സവം സ്പോർട്സ്, വിദ്യാരംഗം വിവിധ അഭിരുചി പരീക്ഷകൾ എന്നിവയിൽ വിദ്യാലയത്തിന് തിളക്കമാർന്ന വിജയങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. എൽ എസ്.എസ്.,യു.എസ്.എസ്, എൻ.എം. എം.എസ്.,എസ്. എസ്.എൽ.സി എന്നീ പരീക്ഷകളിൽ ഓരോ വർഷം കഴിയുന്തോറും മികവ് ഉയർത്താൻ കഴിയുന്നുണ്ട്. വായനയെ പ്രോത്സാഹിപ്പിക്കാനുള്ള മികച്ച ഇടപെടൽ നടത്തിവരുന്നു. ഐടി പഠനം കാര്യക്ഷമമായി നടത്താനും കഴിയുന്നു.പിടിഎ,എസ്.എം.സി,എം.പി ടി.എ എന്നിവയുടെ മികച്ച പിന്തുണയും ലഭിക്കുന്നു.

അക്കാദമിക മേഖല പൊതു പരിമിതികൾ

കുട്ടികളുടെ എണ്ണം കൂടുന്നതിനനുസരിച്ച് പ്രായോഗിക പ്രയാസങ്ങൾ അക്കാദമിക മേഖലയിൽ വരുന്നുണ്ട്. അക്കാദമിക മത്സരങ്ങളിലെ മികവ് കൂടുതൽ കുട്ടികളിലേക്ക് വ്യാപിപ്പിക്കുവാൻ കഴിയുന്നില്ല. വ്യത്യസ്ത പ്രദേശങ്ങളിൽ നിന്ന് വരുന്ന കുട്ടികൾ ആയതുകൊണ്ട് വലിയൊരു വിഭാഗം കുട്ടികൾ പഠനത്തിൽ പ്രയാസമുള്ളവരായി കാണുന്നു. ഇംഗ്ലീഷ് മീഡിയത്തോടുള്ള അമിതമായ താൽപര്യം കുറെ കുട്ടികളെ പഠന പിന്നാക്കാവസ്ഥയിലേക്ക് തള്ളിവിടുന്നു. വ്യത്യസ്ത കുടുംബ സാഹചര്യത്തിൽ വരുന്ന കുട്ടികൾ ആയതുകൊണ്ട് പരിഹാരബോധനത്തിൽ രക്ഷിതാക്കൾക്ക് വലിയ താല്പര്യം കാണിക്കുന്നില്ല.

## അധ്യായം 2

## അക്കാദമിക് മാസ്റ്റർ പ്ലാൻ - പൊതു പദ്ധതി

**ലക്ഷ്യം**

പ്രദേശത്തെ മുഴുവൻ കുട്ടികളേയും ഈ വിദ്യലയത്തിൽ തന്നെ എൻറോൾ ചെയ്യിക്കാൻ കഴിയും വിധം വിദ്യാലയം ആകർഷകമാക്കുകയും വിദ്യാലയഗുണത വർധിപ്പിക്കുകയും ചെയ്യുക

**ഉപലക്ഷ്യങ്ങൾ**

1. വിദ്യാലയത്തെ ടാലന്റ് ലാബ് ആക്കി മാറ്റുക
2. ജൈവോദ്യാനം ഒരുക്കുന്നതിലൂടെ വിദ്യാലയം സൗന്ദര്യവൽകരിക്കുകയും പരിസ്ഥിതി സ്നേഹം വളർത്തുകയും ചെയ്യുക
3. അധ്യാപകശാക്തീകരണം
4. കുട്ടിയുടെ പഠനനില ശാസ്ത്രീയമായി മനസ്സിലാക്കുകയും രക്ഷാകർതൃബോധവൽകരണം നടത്തുകയും ചെയ്യുക
5. നിരന്തരവിലയിരുത്തലിന് ശാസ്ത്രീയരീതി വികസിപ്പിക്കുകയും മികവുകളുടെ പങ്കുവെക്കലിന് ക്ലാസ്സ് പി.ടി.എ ശാസ്ത്രീയമായി പുനസംഘടിപ്പിക്കുകയും ചെയ്യുക

പ്രവർത്തനങ്ങൾ

ലക്ഷ്യം : വിദ്യാലയത്തെ ടാലന്റ് ലാബ് ആക്കി മാറ്റുക

1. സ്കൂൾ കലാക്കൂട്ടായ്മകൾ

പ്രതിഭാസ കലാക്കൂട്ടായ്മകൾ ചേർന്ന് വിവിധ അവതരണങ്ങൾക്ക് അവസരമൊരുക്കുക

2.പരിശീലനക്കളരികൾ

കലാ-കായിക -നിർമാണ പരിശീലനങ്ങൾ സംഘടിപ്പിച്ച് അഭിരുചിക്കിണങ്ങുംവിധം എല്ലാ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പുവരുത്തുക

3. ക്ലബ്ബുകൾ

വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങളിലൂടെ വൈവിധ്യമാർന്ന അനുഭവങ്ങൾ ഒരുക്കുക

4. ജനാധിപത്യവേദികൾ

സ്കൂൾ പാർലമെന്റ് രൂപീകരിച്ച് നേതൃത്വഗുണം വളർത്തുകയും ജനാധിപത്യ- മതേതരമൂല്യങ്ങൾ വളർത്തിയെടുക്കുകയും ചെയ്യുക

**ലക്ഷ്യം : ജൈവോദ്യാനം ഒരുക്കുന്നതിലൂടെ വിദ്യാലയം സൗന്ദര്യവൽകരിക്കുകയും പരിസ്ഥിതി സ്നേഹം വളർത്തുകയും ചെയ്യുക**

1.ജൈവവൈവിധ്യപാർക്ക്

സ്കൂൾ വളപ്പിൽ ജൈവവൈവിധ്യ പാർക്ക് ഉണ്ടാക്കുക

2.ഗ്രീൻ കാമ്പസ്

വിദ്യാലയം പ്ലാസ്റ്റിക് വിമുക്തമാക്കുകയും ശാസ്ത്രീയമായ മാലിന്യസംസ്കരണരീതി അവലംബിക്കുകയും ചെയ്യുക

**ലക്ഷ്യം : അധ്യാപകശാക്തീകരണം**

1.പരിശീലനം

ഐ .സി.ടി ഉപയോഗം, പഠനസാമഗ്രികളുടെ നിർമാണം എന്നിവയിൽ അധ്യാപകപരിശീലനം സംഘടിപ്പിക്കുക



**ലക്ഷ്യം :കുട്ടിയുടെ പഠനനില ശാസ്ത്രീയമായി മനസ്സിലാക്കുകയും രക്ഷാകർതൃബോധവൽകരണം നടത്തുകയും ചെയ്യുക**

1. കുട്ടിയെ അറിയാം

ശാസ്ത്രീയമായി ചിട്ടപ്പെടുത്തിയ ഉപാധികളുപയോഗിച്ച് വിവരശേഖരണം നടത്തുകയും കുട്ടിയുടെ ശാരീരിക-വൈജ്ഞാനിക നില മനസ്സിലാക്കുകയും ചെയ്യുക

2.രക്ഷാകർതൃപരിശീലനം

പൊതുവിദ്യാലയങ്ങളിൽ നടക്കുന്ന അറിവുനിർമാണ പ്രക്രിയയിൽ രക്ഷിതാക്കളെ ബോധവൽകരിക്കുന്നതിനായി പരിശീലനം നൽകുക

ലക്ഷ്യം : നിരന്തരവിലയിരുത്തലിന് ശാസ്ത്രീയരീതി വികസിപ്പിക്കുകയും മികവുകളുടെ പങ്കുവെക്കലിന് ക്ലാസ്സ് പി.ടി.എ ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കുകയും ചെയ്യുക

1. പഠനനിലവാരമുയർത്തൽ

മൂല്യനിർണയവിശകലനത്തിന് ശാസ്ത്രീയരീതി വികസിപ്പിക്കുക

2. കോർണർ പി.ടി.എ

സ്കൂൾ മികവുകൾ പൊതുസമൂഹത്തിലെത്തിക്കാൻ കോർണർ പി.ടി.എ സംഘടിപ്പിക്കുക

## പ്രവർത്തനകലണ്ടർ

### I.ഹ്രസ്വകാലം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | വിശദാംശങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|---|
| കുട്ടിയുടെ പഠന നില ശാസ്ത്രീയമായി മനസ്സിലാക്കുകയും രക്ഷാകർതൃ ബോധവൽകരണംനടത്തുകയും ചെയ്യുക | കുട്ടിയെ അറിയാം | ശാസ്ത്രീയമായി ചിട്ടപ്പെടുത്തിയ ഉപാധികളുപയോഗിച്ച് വിവരശേഖരണം നടത്തുകയും കുട്ടിയുടെ ശാരീരിക-വൈജ്ഞാനിക നില മനസ്സിലാക്കുകയും ചെയ്യുക | ജൂൺ 2025 | - |
| | രക്ഷാകർതൃപരിശീലനം | പൊതുവിദ്യാലയങ്ങളിൽ നടക്കുന്ന അറിവുനിർമാണ പ്രക്രിയയിൽ രക്ഷിതാക്കളെ ബോധവൽകരിക്കുന്നതിനായി പരിശീലനം നൽകുക | ജൂൺ 2025 | - |

### II.മധ്യമകാലം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | വിശദാംശങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|---|
| വിദ്യാലയത്തെ ടാലന്റ് ലാബ് ആക്കി മാറ്റുക | സ്കൂൾ കലാ കൂട്ടായ്മകൾ | പ്രതിമാസ കലാകൂട്ടായ്മകൾ ചേർന്ന് വിവിധ അവതരണങ്ങൾക്ക് അവസരമൊരുക്കുക | 2025-26 | - |
| | പരിശീലനക്കളരികൾ | കലാ-കായിക -നിർമാണ പരിശീലനങ്ങൾ സംഘടിപ്പിച്ച് അഭിരുചിക്കിണങ്ങുംവിധം എല്ലാ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പുവരുത്തുക | 2025-26 | - |
| | ക്ലബ്ബുകൾ | വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങളിലൂടെ വൈവിധ്യമാർന്ന അനുഭവങ്ങൾ ഒരുക്കുക | 2025-26 | - |
| | ജനാധിപത്യവേദികൾ | സ്കൂൾ പാർലമെന്റ് രൂപീകരിച്ച് നേതൃത്വഗുണം വളർത്തുകയും ജനാധിപത്യ മതേതരമൂല്യങ്ങൾ വളർത്തിയെടുക്കുകയും ചെയ്യുക | 2025-26 | - |

15/4

# അക്കാദമിക മാസ്റ്റർ പ്ലാൻ എൽ.പി വിഭാഗം

## വിഷയമേഖല - എൽ.പി ഒന്നാംഭാഷ (മലയാളം)

**മികവുകൾ**

1. മാതൃഭാഷയിൽ നിലവിൽ പകുതിയിലധികം കുട്ടികളെ മികച്ച നിലവാരത്തിൽ എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്.

പരീക്ഷാഫലം ടേം 2

| ക്ലാസ്സ് | കുട്ടികളുടെ എണ്ണം | A ഗ്രേഡ് | B ഗ്രേഡ് | C ഗ്രേഡ് | D ഗ്രേഡ് | E ഗ്രേഡ് |
|---|---|---|---|---|---|---|
| I | 60 | 44 | 9 | 7 | – | – |
| II | 59 | 33 | 16 | 7 | 3 | – |
| III | 76 | 46 | 13 | 13 | 4 | – |
| IV | 91 | 37 | 34 | 4 | 16 | – |
| ആകെ | 286 | 160 | 72 | 31 | 23 | - |

2. ഐ.സി.ടി വിഭവങ്ങൾ ഉപയോഗപ്പെടുത്താൻ കഴിയുന്നുണ്ട്
3. സ്കൂൾ - ക്ലാസ്സ് ലൈബ്രറികളിൽ ഭാഷാപഠനത്തിന് പ്രയോജനപ്പെടുത്താൻ കഴിയുന്ന പുസ്തകങ്ങൾ യഥേഷ്ടം ലഭ്യമാണ്.
4. വായനാകാർഡുകൾ ,മറ്റ് പഠനസാമഗ്രികൾ എന്നിവ തയ്യാറാക്കി ഉപയോഗിക്കുന്നുണ്ട്.
5. വായനാക്കുറിപ്പുകൾ തയ്യാറാക്കുന്നതിൽ മികവ് പുലർത്താൻ മിക്ക കുട്ടികൾക്കും കഴിയുന്നുണ്ട്.
6. ഭാഷാശേഷിയുമായി ബന്ധപ്പെട്ട വിവിധ മൽസരങ്ങളിൽ (കടംകഥ,ആംഗ്യപ്പാട്ട്, പദ്യം ചൊല്ലൽ...) സബ്ജില്ലാ തലത്തിൽ മികവ് പ്രകടിപ്പിക്കാൻ കഴിയുന്നു.

**പരിമിതികൾ**

1. ഓരോ ക്ലാസ്സിലും നിർദ്ദേശിക്കപ്പെട്ട സൂചകങ്ങൾക്കനുസരിച്ച് എല്ലാ വ്യവഹാരരൂപങ്ങളും ആശയപൂർണതയോടെ തയ്യാറാക്കാൻ എല്ലാ കുട്ടികൾക്കും കഴിയുന്നില്ല.
2. എല്ലാ പഠനനേട്ടങ്ങളിലും മുഴുവൻ കുട്ടികളേയും നിശ്ചിത നിലവാരത്തിലെത്തിക്കാൻ കഴിഞ്ഞിട്ടില്ല.
3. സർഗാത്മകരചനകളിൽ വേണ്ടത്ര അനുഭവങ്ങൾ നൽകാൻ കഴിയുന്നില്ല.
4. ചിഹ്നങ്ങളും,വാക്യഘടനയും പാലിച്ചുകൊണ്ട് ആശയവ്യക്തതയോടെ ലേഖനം നടത്താൻ മുഴുവൻ കുട്ടികൾക്കും കഴിയുന്നില്ല.
5. എല്ലാ യൂണിറ്റുകൾക്കും വ്യവഹാരരൂപങ്ങൾക്കും യോജിച്ച വർക്ക്ഷീറ്റുകൾ ലഭ്യമല്ല.
6. എല്ലാ പ്രവർത്തനങ്ങളിലും ഭിന്നനിലവാരത്തിലുള്ളവരെ പരിഗണിക്കാൻ കഴിയുന്നില്ല
7. നിരന്തരവിലയിരുത്തൽ ഫലപ്രദമായി നടത്താൻ കഴിയുന്നില്ല.

8. ഐ.സി.ടി വിഭവങ്ങളുടെ ലഭ്യത പരിമിതമാണ്.



ലക്ഷ്യം

അക്കാദമിക - ഭൗതിക സാഹചര്യങ്ങൾ സജ്ജീകരിക്കുന്നതിലൂടെ മാതൃഭാഷ കൈകാര്യം ചെയ്യുന്നതിൽ എല്ലാ കുട്ടികളെയും മികച്ച നിലവാരത്തിലെത്തിക്കുക.

**ഉപലക്ഷ്യങ്ങൾ**

1. ഒന്നു മുതൽ നാല് വരെ ക്ലാസ്സുകളിലെ പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ ഭാഷാശേഷികളിലും എല്ലാ കുട്ടികളെയും നിശ്ചിത നിലവാരത്തിലെത്തിക്കുക
2. കുട്ടിയെ മികച്ച വായനക്കാരനാക്കുന്നതിലൂടെ ഭാഷാസ്നേഹവും മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുക
3. സർഗാത്മകരചനകൾക്ക് കൂടുതൽ അവസരമൊരുക്കുന്നതിലൂടെ ഭാഷാപ്രയോഗശേഷി വളർത്തുക
4. ഭിന്നശേഷി ഉള്ള കുട്ടികളെ ഉൾക്കൊള്ളാൻ കഴിയും വിധം പ്രവർത്തനങ്ങൾ വികസിപ്പിക്കുകയും മിനിമം ശേഷി ഉറപ്പാക്കുകയും ചെയ്യുക

**പ്രവർത്തനങ്ങൾ**

**ലക്ഷ്യം : ഒന്നു മുതൽ നാല് വരെ ക്ലാസ്സുകളിലെ പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ ഭാഷാശേഷികളിലും എല്ലാ കുട്ടികളെയും നിശ്ചിത നിലവാരത്തിലെത്തിക്കുക**

1. വായനാ കാർഡുകൾ വികസിപ്പിക്കൽ

ശ്രവണം,ഭാഷണം,വായന,ലേഖനം എന്നീ ശേഷി മേഖലകളിൽ പഠിതാവിന്റെ നിലവാരം മെച്ചപ്പെടുത്താനനുയോജ്യമായ വായനാകാർഡുകൾ രൂപപ്പെടുത്തൽ

2. വർക്ക് ഷീറ്റുകൾ വികസിപ്പിക്കൽ

വിവിധ യൂണിറ്റുകളിലെ വ്യവഹാര രൂപങ്ങൾക്ക് അനുസരിച്ച് വർക്ക് ഷീറ്റുകൾ തയ്യാറാക്കൽ

3.നിരന്തര മൂല്യനിർണ്ണയം

ഓരോ വ്യവഹാര രൂപത്തിന്റെയും വിലയിരുത്തൽ സൂചകങ്ങൾ വികസിപ്പിച്ച് വിവിധ ശേഷി മേഖലകളിൽ പഠിതാവിന്റെ പുരോഗതി വിലയിരുത്താനും പരിഹാരബോധനം നടത്താനും ഉതകും വിധം നിരന്തരമൂല്യനിർണയ ടൂളുകൾ രൂപപ്പെടുത്തൽ

**ലക്ഷ്യം : കുട്ടിയെ മികച്ച വായനക്കാരനാക്കുന്നതിലൂടെ ഭാഷാസ്നേഹവും മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുക**

1. വായനാക്കൂട്ടം

ക്ലാസ്സ് തല വായനാക്കൂട്ടം രൂപീകരിച്ച് ലൈബ്രറിയിൽ നിന്ന് പരമാവധി പുസ്തകങ്ങൾ നൽകി വായനാകുറിപ്പ് തയ്യാറാക്കുന്നു.മികച്ച വായനാകുറിപ്പുകൾക്ക് പ്രോൽസാഹനം നൽകുന്നു

2. വായനാ മൽസരം

പ്രതിവാരവായനാമൽസരം  ക്ലാസ് തലത്തിലും,സ്കൂൾ തലത്തിലും സംഘടിപ്പിക്കുന്നു.

3. ദിനാചരണങ്ങൾ

ഭാഷയും സാഹിത്യവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾക്ക് കലണ്ടർ തയ്യാറാക്കുന്നു. കുട്ടികളുടെ ടാലന്റ് പ്രകടിപ്പിക്കാൻ അവസരമൊരുക്കുന്നു.

4. സ്കൂൾ ആകാശവാണി

കഥ, കവിത, വായനാക്കുറിപ്പുകൾ, സാഹിത്യകാരൻമാരെ പരിചയപ്പെടൽ എന്നിങ്ങനെ വിവിധങ്ങളായ അവതരണങ്ങൾക്ക് അവസരമൊരുക്കുന്നു.

5. അമ്മവായന- അമ്മമാരോടൊപ്പം വായന

രക്ഷിതാക്കൾക്കായി സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ ലഭ്യമാക്കുകയും കുട്ടിയോടൊപ്പം വായിച്ച് കൂട്ടായി കുറിപ്പുകൾ, കഥാപാത്ര നിരൂപണം എന്നിവ തയ്യാറാക്കൽ



**ലക്ഷ്യം : സർഗാത്മകരചനകൾക്ക് കൂടുതൽ അവസരമൊരുക്കുന്നതിലൂടെ ഭാഷാപ്രയോഗശേഷി വളർത്തുക**

1. രചനാശിൽപശാല

ഓരോ യൂണിറ്റിനുശേഷവും സർഗാത്മക രചനകൾക്കായി സർഗവേള പിരിയഡുകളിൽ ശിൽപ-ശാലകൾ സംഘടിപ്പിക്കുക

2. എഴുത്തുമൂല

കുട്ടികളുടെ മികച്ച രചനകൾ ക്ലാസ്സ് മുറിയിൽ അവതരിപ്പിക്കാനും വിലയിരുത്താനും അവസരമൊരുക്കും വിധം പതിപ്പുകൾ പ്രസിദ്ധപ്പെടുത്തുക

3.വിദ്യാരംഗം കലാസാഹിത്യവേദി

ക്ലാസ് തല യൂണിറ്റുകൾ രൂപീകരിച്ച് പ്രാദേശികമായി ലഭ്യമായ വിദഗ്ധരുടെ സേവനം പ്രയോജനപ്പെടുത്തി ക്ലാസ്സുകൾ നൽകൽ

4. ലഘു നാടകക്കളരി

പാഠഭാഗങ്ങളുടെ നാടകീകരണം നടത്തി ക്ലാസ്സ് പി.ടി.എ കളിൽ അവതരിപ്പിക്കൽ

5.നവമാധ്യമ കൂട്ടായ്മ

നവമാധ്യമ കൂട്ടായ്മകളിലൂടെ മികവുകൾ പങ്കുവെക്കൽ

**ലക്ഷ്യം : ഭിന്നശേഷി ഉള്ള കുട്ടികളെ ഉൾക്കൊള്ളാൻ കഴിയും വിധം പ്രവർത്തനങ്ങൾ വികസിപ്പി-ക്കുകയും മിനിമം ശേഷി ഉറപ്പാക്കുകയും ചെയ്യുക.**

**1.പഠനോപകരണശിൽപശാല**

രക്ഷിതാക്കളെയും ഉൾപ്പെടുത്തി റിസോഴ്സ് അധ്യാപികയുടെ സഹായത്തോടെ അനുയോജ്യമായ പഠനസാമഗ്രികൾ വികസിപ്പിക്കൽ

2. ഐ.സി.ടി വിഭവങ്ങൾ വികസിപ്പിക്കൽ

ദൃശ്യ-ശ്രാവ്യ സങ്കേതങ്ങൾ ഉപയോഗിച്ച് പഠനം ആകർഷകമാക്കാൻ കഴിയും വിധം ഐ.സി.ടി വിഭവങ്ങൾ വികസിപ്പിക്കൽ

3.പ്രീടെസ്റ്റ്

പ്രീടെസ്റ്റ് നടത്തി പരിഹാരബോധനം നടത്തുക

## വിഷയമേഖല - എൽ.പി ഗണിതം

**മികവുകൾ**

പരീക്ഷാഫലം ക്ലാസ് 2

| ക്ലാസ്സ് | കുട്ടികളുടെ എണ്ണം | A ഗ്രേഡ് | B ഗ്രേഡ് | C ഗ്രേഡ് | D ഗ്രേഡ് | E ഗ്രേഡ് |
|---|---|---|---|---|---|---|
| I | 60 | 40 | 8 | 5 | 5 | 2 |
| II | 59 | 38 | 12 | 3 | 3 | 3 |
| III | 76 | 35 | 14 | 10 | 11 | 6 |
| IV | 91 | 40 | 22 | 19 | 5 | 5 |
| ആകെ | 286 | 153 | 56 | 37 | 24 | 16 |

1. ഗണിത ശാസ്ത്ര മേളകളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്.
2. പകുതിയിലധികം കുട്ടികളും ഗണിത ഭാഷ ഉപയോഗിക്കാൻ കഴിവുള്ളവരാണ്.
3. ഗണിത പഠനത്തിൽ ഐസിടി സാധ്യതകൾ ഉപയോഗിക്കാൻ കഴിയുന്നുണ്ട്.
4. സ്കൂൾ ലൈബ്രറി,ക്ലാസ് ലൈബ്രറി എന്നിവിടങ്ങളിൽ ഗണിത പഠനത്തിനാവശ്യമായ പുസ്തകങ്ങൾ ലഭ്യമാണ്.

**പരിമിതികൾ**

1. ഗണിതം നിത്യജീവിതത്തിൽ പ്രയോഗിക്കാനും പ്രശ്നപരിഹരണത്തിനും ഉള്ള അവസരം കുറവാണ്
2. വസ്തുതകളെ ഗണിതാശയങ്ങൾ ഉപയോഗപ്പെടുത്തി അപഗ്രഥിക്കാനും ,വ്യാഖ്യാനിക്കാനും എല്ലാ കുട്ടികൾക്കും കഴിയുന്നില്ല
3. ഗണിതശാസ്ത്ര ലാബിൽ പ്രൈമറി ഗണിത പഠനത്തിന് ആവശ്യമായ ഉപകരണങ്ങൾ ഇല്ല
4. വസ്തുതകളെ വിശകലനം ചെയ്ത് പൊതുതത്വങ്ങൾ രൂപീകരിക്കാനുള്ള കഴിവ് എല്ലാ കുട്ടികളും നേടിയിട്ടില്ല
5. മുഴുവൻ കുട്ടികൾക്കും ഗണിതം നിത്യജീവിതവുമായി ബന്ധപ്പെടുത്താൻ കഴിയുന്നില്ല

**ലക്ഷ്യം**

എല്ലാ കുട്ടികളെയും ഗണിത ശാസ്ത്രത്തിന്റെ ഉള്ളടക്ക പ്രക്രിയാ- സർഗാത്മകതാ മേഖലകളിൽ മികച്ച നിലവാരത്തിലെത്തിക്കുക

**ഉപലക്ഷ്യങ്ങൾ**

1. ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ ഉപയോഗപ്പെടുത്തുക.
2. ഗണിതാശയങ്ങൾ വിശദീകരിക്കുന്നതിന് ഗണിതഭാഷ ഉപയോഗിക്കാൻ എല്ലാവരെയും കഴിവുള്ളവരാക്കുക
3. ഗണിതശാസ്ത്രത്തിൽ പ്രതിഭാധനരായ കുട്ടികൾക്ക് തുടർപ്രവർത്തന സാധ്യതകൾ നൽകും വിധം പ്രക്രിയാബന്ധിത പഠനത്തിന്റെ സാധ്യതകൾ സൂക്ഷ്മാസൂത്രണത്തിൽ ഉൾപ്പെടുത്തുക.

4. ഭിന്നശേഷിക്കാരുള്ള കുട്ടികളെ ഉൾക്കൊള്ളുന്ന വിധം പ്രവർത്തനങ്ങൾ ക്രമീകരിക്കുക

**പ്രവർത്തനങ്ങൾ**

**ലക്ഷ്യം: ദൈനംദിന ജീവിതപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ ഉപയോഗപ്പെടുത്തുക**

1. ഉച്ചഭക്ഷണത്തിലെ ഗണിതം
   ഉച്ചഭക്ഷണത്തിന്റെ കണക്ക് തയ്യാറാക്കുന്നതിൽ കുട്ടികൾക്കും പങ്കാളിത്തം നൽകുന്നു.ഓരോ ക്ലാസിലെയും പഠനനേട്ടങ്ങൾക്കനുസരിച്ച് ഹാജരായ കുട്ടികളുടെ എണ്ണം കണ്ടെത്തൽ,ഒരു ദിവസത്തെ ഉച്ചഭക്ഷണത്തിന്റെ ചെലവ് കണക്കാക്കൽ,ഓരോ മാസവും കൃത്യമായ കണക്ക് തയ്യാറാക്കി സൂക്ഷിക്കൽ എന്നിവയ്ക്ക് അവസരം നൽകുന്നു.
2. ഹോണസ്റ്റി ഷോപ്പ്
   ഓരോ ക്ലാസ്സിലും ഹോണസ്റ്റി ഷോപ്പുകൾ സജ്ജീകരിക്കുന്നു. കച്ചവടഗണിതം പ്രായോഗികമായി പരിചയപ്പെടുന്നു.



3. കുടുംബ ബജറ്റ്- സർവേ
   ഓരോരുത്തരും തങ്ങളുടെ വീട്ടിലെ വരവുചെലവ് കണക്കുകൾ ശേഖരിച്ച് ബജറ്റ് തയ്യാറാക്കുന്നു. കമ്മി ബജറ്റുകൾ കണ്ടെത്തി പ്രശ്നപരിഹരണ പ്രവർത്തനങ്ങൾ കുട്ടികൾ ആസൂത്രണം ചെയ്യുന്നു
4. പഠനോപകരണ ശില്പശാല
   അടിസ്ഥാനക്രിയകൾ ഉറപ്പിക്കാൻ മൂർത്തമായ പഠനസാമഗ്രികൾ വികസിപ്പിക്കുന്നു.
5. ഗണിതകേളികൾ
   സംഖ്യാ പാറ്റേണുകൾ, മാന്ത്രികചതുരം ,കലണ്ടർ ഗണിതം തുടങ്ങിയ കളിസാമഗ്രികൾ ഒരുക്കുന്നു.
6. വർക്ക് ഷീറ്റുകൾ
   നിരന്തരവിലയിരുത്തലിന് സഹായകമായവിധത്തിൽ ഓരോ യൂണിറ്റുമായും ബന്ധപ്പെട്ട് വർക്ക് ഷീറ്റുകൾ വികസിപ്പിക്കൽ

**ലക്ഷ്യം: ഗണിതാശയങ്ങൾ വിശദീകരിക്കുന്നതിന് ഗണിതഭാഷ ഉപയോഗിക്കാൻ അവസരമൊരുക്കുന്നു.**

1. കച്ചവടപന്തൽ
   കച്ചവടക്കളികളിലൂടെ ഗണിതഭാഷ കുട്ടികളിലുറപ്പിക്കുന്നു.ഗണിതഭാഷയുടെ പ്രയോഗം ഉൾക്കൊള്ളുന്ന വിവിധ ഗണിത കേളികൾ ആസൂത്രണം ചെയ്യുന്നു
2. ഗണിതാസ്വാദനം
   സംഖ്യാപാറ്റേണുകൾ /ജ്യോമെട്രിക്കൽ പാറ്റേണുകൾ എന്നിവ നിർമ്മിക്കാനുള്ള പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു
3. ഗണിത കിറ്റുകൾ
   ചുറ്റുപാടുമുള്ള വസ്തുക്കളിൽ നിന്ന് ഗണിത പഠനത്തിന് സഹായകമായവ ശേഖരിച്ച് ഗണിത കിറ്റുകൾ തയ്യാറാക്കുന്നു

**ലക്ഷ്യം: ഗണിത ശാസ്ത്രത്തിൽ പ്രതിഭാധനരായ കുട്ടികൾക്ക് അനുയോജ്യമായ പ്രവർത്തനങ്ങൾ സൂക്ഷ്മാസൂത്രണത്തിൽ ഉൾപ്പെടുത്തുക**

1. സൂക്ഷ്മാസൂത്രണം

പ്രക്രിയാബന്ധിത പഠനം സാധ്യമാകും വിധം പാഠഭാഗങ്ങളുടെ സൂക്ഷ്മാസൂത്രണം തയ്യാറാക്കൽ

2.ഇടർപ്രവർത്തന പാക്കേജ്

ഓരോ യൂണിറ്റുമായും ബന്ധപ്പെട്ട് ഇടർപ്രവർത്തന സാധ്യതകൾ വികസിപ്പിക്കൽ

3.ചോദ്യശേഖരം തയ്യാറാക്കൽ

ഗണിത ശാസ്ത്ര ക്വിസുകൾ,മൽസര പരീക്ഷകൾ എന്നിവയ്ക്കനുയോജ്യമായ ഉയർന്നചിന്താശേഷി ഉൾക്കൊള്ളുന്ന ചോദ്യശേഖരം തയ്യാറാക്കി കുട്ടികൾക്ക നൽകുക.

4. നിർമ്മാണക്കളരി

ജ്യാമിതീയ രൂപങ്ങൾ ശേഖരിക്കലും നിർമാണവും

5. കുസൃതികണക്കുകൾ

ഉയർന്ന ചിന്താശേഷി ആവശ്യമായ ഗണിതകടംകഥകൾ നിർമ്മിക്കാനും പ്രശ്നപരിഹരണത്തിനും അവസരമൊരുക്കൽ

**ലക്ഷ്യം: ഭിന്നശേഷികളുള്ള കുട്ടികളെ ഉൾക്കൊള്ളുന്ന വിധം പ്രവർത്തനങ്ങൾ ക്രമീകരിക്കുക**

1. ഗണിത സോഫ്റ്റ്വെയറുകൾ

ഗണിതക്രിയകൾ,ജ്യാമിതീയ രൂപങ്ങൾ, വിശകലനം എന്നിവയുമായി ബന്ധപ്പെട്ട സോഫ്റ്റ് വെയറുകൾ ഫലപ്രദമായി ഉപയോഗിക്കൽ, ആവശ്യമായ പരിശീലനം സംഘടിപ്പിക്കൽ



2. ഗണിതലാബ്

ഗണിതാശയങ്ങൾ പ്രായോഗികമായി മനസ്സിലാക്കാൻ ഉപകരിക്കുന്നതരത്തിൽ ക്ലാസ്സിൽ ഗണിത ലാബ് ഒരുക്കൽ

3.പ്രീ ടെസ്റ്റ്

പ്രീ ടെസ്റ്റ് നടത്തി അടിസ്ഥാനശേഷികളിൽ പരിഹാരബോധനം

## വിഷയമേഖല – എൽ.പി പരിസരപഠനം

**മികവുകൾ**

(1) പരിസരപഠനത്തിൽ പൊതുവിൽ മികച്ച നിലവാരം ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്

പരീക്ഷാഫലം ടേം 2

| ക്ലാസ്സ് | കുട്ടികളുടെ എണ്ണം | A ഗ്രേഡ് | B ഗ്രേഡ് | C ഗ്രേഡ് | D ഗ്രേഡ് | E ഗ്രേഡ് |
|---|---|---|---|---|---|---|
| I | 60 | 45 | 8 | 7 | – | – |
| II | 59 | 35 | 14 | 6 | 4 | - |
| III | 76 | 41 | 12 | 13 | 8 | 2 |
| IV | 91 | 38 | 30 | 12 | 14 | 7 |

| | | | | | | |
|---|---|---|---|---|---|---|
| ആകെ | 28 | 159 | 64 | 38 | 26 | 9 |

2) പരിസരപഠനത്തിലെ ശാസ്ത്രം,സാമൂഹ്യശാസ്ത്രം എന്നീവിഷയമേഖലകളുമായി ബന്ധപ്പെട്ട പൊതു വിജ്ഞാന ക്വിസ് മത്സരത്തിൽ സബ്ജില്ലയിലും, ജില്ലയിലും മികച്ച വിജയം.

3) പരീക്ഷണത്തിനാവശ്യമായ സാധനങ്ങളും മറ്റും ലാബോറട്ടറിയിൽ ഉണ്ട്.അത് ഫലപ്രദമായി ഉപയോഗിക്കുകയും ചെയ്യുന്നു.

4)വൈവിധ്യമാർന്ന സസ്യങ്ങൾ സ്കൂൾ വളപ്പിലും,ഔഷധത്തോട്ടത്തിലും ഉള്ളത് കൊണ്ട് പരിസര-പഠനത്തിൽ പ്രായോഗികാനുഭവം നൽകാൻ കഴിയുന്നു

5) ഫീൽഡ് ട്രിപ്പ്, ഐ.ടിസാധ്യതകൾ എന്നിവ പ്രയോജനപ്പെടുത്തുന്നുണ്ട്

6) പരീക്ഷണങ്ങൾ സ്വയമേവ ഏറ്റെടുക്കാൻ മിക്ക കുട്ടികളും തയ്യാറാണ്.

7) സ്കൂൾ ലൈബ്രറിയിൽ പരിസരപഠനവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ ലഭ്യമാണ്

**പരിമിതികൾ**

1. എല്ലാ യൂണിറ്റും വിനിമയം ചെയ്യാൻ പര്യാപ്തമായ വർക്ക് ഷീറ്റുകൾ വികസിപ്പിക്കാൻ കഴിഞ്ഞിട്ടില്ല.
2. ഓരോ യൂണിറ്റിനും അനുയോജ്യമായ ഐ.സി.ടി വിഭവങ്ങൾ ഒരുക്കുവാൻ സാധിച്ചിട്ടില്ല
3. ഭൂമിശാസ്ത്രസംബന്ധമായ ആശയങ്ങൾ ഗ്രഹിക്കാൻ കുട്ടികൾക്ക് പ്രയാസം നേരിടുന്നു
4. പരിസരപഠനത്തിലൂടെ നേടിയ അറിവിനെ പ്രായോഗിക ജീവിതത്തിൽ പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.
5. അന്വേഷണാത്മക പഠനത്തിന്റെ സാധ്യതകൾ ക്ലാസ്സ് റൂം വിനിമയത്തിൽ ഉൾച്ചേർക്കാൻ കഴിയുന്നില്ല
6. നിരന്തര വിലയിരുത്തൽ ഫലപ്രദമായി നടത്താൻ കഴിഞ്ഞിട്ടില്ല
7. പ്രക്രിയാശേഷികളിലും,മനോഭാവ മേഖലയിലും നിശ്ചിത നിലവാരം ഉറപ്പുവരുത്തുവാൻ കഴിഞ്ഞിട്ടില്ല
8. പരിസരപഠനത്തിന്റെ അടിസ്ഥാന ശിലയായ പരീക്ഷണ പ്രവർത്തനങ്ങളിൽ മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുവാൻ കഴിയുന്നില്ല

**ലക്ഷ്യം**

അക്കാദമിക ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലൂടെ പരിപഠനത്തിലെ മുഴുവൻ പഠനനേട്ടങ്ങളും കുട്ടികളിലെത്തിക്കുക

**ഉപലക്ഷ്യങ്ങൾ**

1. പരിസരപഠനത്തിലെ മുഴുവൻ പഠനനേട്ടങ്ങളുംഎല്ലാ കുട്ടികളിലുമെത്തിക്കുക
2. പരീക്ഷണ സാമഗ്രികൾ ക്ലാസ്സിലും സ്കൂളിലും വീട്ടിലും ഒരുക്കുക
3. ഭൂമിശാസ്ത്രസംബന്ധിയായ ആശയങ്ങൾ (ഭ്രമണം,പരിക്രമണം,പൗർണമി,അമാവാസി)കൃത്യമായി വിനിമയം ചെയ്യാനാവശ്യമായ സങ്കേതങ്ങൾ വികസിപ്പിക്കുക

4. ഗ്രന്ഥവായനയിൽ താൽപര്യം ജനിപ്പിക്കുക
5. പുരാവസ്തുക്കളുടെ ശേഖരണവും പ്രദർശനവും നടത്തി ചരിത്രശേഷിപ്പുകളെ സംരക്ഷിക്കാനുള്ള മനോഭാവം ഉണ്ടാക്കുക
6. ശാസ്ത്ര സർഗാത്മകത വികസിപ്പിക്കുക
7. ഭിന്നശേഷിക്കാരായ കുട്ടികളെ ഉൾക്കൊള്ളും വിധം പ്രവർത്തനങ്ങൾ ക്രമീകരിക്കുക

## പ്രവർത്തനങ്ങൾ

**ലക്ഷ്യം : പരിസര പഠനത്തിലെ എല്ലാ പഠനനേട്ടങ്ങളും മുഴുവൻ കുട്ടികളിലും എത്തിക്കാനാവശ്യമായ അക്കാദമിക പിന്തുണ നൽകുക**

1. വർക്ക്ഷീറ്റുകൾ
   എല്ലാ യൂണിറ്റിലേയും ആശയങ്ങൾ സ്വാംശീകരിക്കാനാവശ്യമായ വർക്ക് ഷീറ്റുകൾ തയ്യാറാക്കുക
2. പഠനബോധനസാമഗ്രികൾ
   കുട്ടികളുടെയും,രക്ഷിതാക്കളുടെയും ,യു.പിവിഭാഗം ശാസ്ത്രാധ്യാപകരുടെയും സഹായത്തോടെ പഠന സാമഗ്രികൾ ഒരുക്കൽ
3. ചോദ്യ ബാങ്ക്
   നിരന്തര മൂല്യനിർണ്ണയം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി യൂണിറ്റ് ടെസ്റ്റ് ചോദ്യശേഖരവും സൂചകങ്ങളും വികസിപ്പിക്കുക.
4. ലഘുപ്രൊജക്ടുകൾ
   അറിവ് പ്രായോഗികമായി പ്രയോജനപ്പെടുത്താൻ അവസരമൊരുക്കും വിധം ലഘുപ്രൊജക്ടുകളും സെമിനാറുകളും സംഘടിപ്പിക്കുക

**ലക്ഷ്യം : ഓരോ യൂണിറ്റിലും ആവശ്യമായ പരീക്ഷണസാമഗ്രികൾ ക്ലാസ്സിലും,വീട്ടിലും ഒരുക്കുക**

1. പരീക്ഷണപാക്കേജ് വികസിപ്പിക്കൽ
   ഓരോ യൂണിറ്റിലേയും പരീക്ഷണപ്രവർത്തനങ്ങളും സാധനങ്ങളും ലിസ്റ്റ് ചെയ്യൽ
2. ക്ലാസ്സ് പിടിഎ
   പ്രതിമാസയോഗങ്ങളിൽ വിശദീകരണം നൽകൽ
3. പരീക്ഷണകിറ്റ്
   ക്ലാസ്സിലും,വീട്ടിലും സ്വന്തമായി പരീക്ഷണകിറ്റ് ഒരുക്കൽ
4. പരീക്ഷണക്കളരി
   പരീക്ഷണം വീട്ടിലും സ്കൂളിലും കൃത്യമായി നടത്തി പരീക്ഷണക്കുറിപ്പുകൾ തയ്യാറാക്കി പൊതുവേദികളിൽ ( പി.ടി.എ, അസംബ്ലി) അവതരിപ്പിക്കൽ

**ലക്ഷ്യം : അക്കാദമിക ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിലൂടെ ഭൂമിശാസ്ത്ര സംബന്ധിയായ വിഷയങ്ങൾ ക്ലാസ്സ് റൂമിൽ ഫലപ്രദമായി വിനിമയം ചെയ്യൽ**

1. ക്ലാസ്സിലൊരു ജിയോലാബ്
ഓരോ ക്ലാസ്സിലും ആവശ്യമായ എണ്ണം ഗ്ലോബുകൾ, മാപ്പുകൾ,അറ്റ്ലസുകൾ എന്നിവ ഒരുക്കൽ
2. ജ്യോതിശാസ്ത്രക്ലാസ്സുകൾ
പ്രാദേശികമായി ലഭ്യമായ വിദഗ്ധരെ ഉപയോഗപ്പെടുത്തി ദിക്കുകൾ,ഭ്രമണം,പരിക്രമണം, പൗർണമി, അമാവാസി എന്നിവയെക്കുറിച്ചുള്ള പ്രാഥമിക അറിവ് ലഭ്യമാക്കാനുള്ള ക്ലാസ് നൽകൽ

**ലക്ഷ്യം : ഭൂപടവായനയിൽ താൽപര്യം ജനിപ്പിക്കാനാവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ**

1. ഐ.സി.ടി വിഭവങ്ങൾ
ലഭ്യമായ വിവിധ സോഫ്റ്റ്‌വെയറുകൾ ഭൂപട വായനയിൽ ഉപയോഗപ്പെടുത്തുക. ഇതിനായി അധ്യാപക പരിശീലനങ്ങൾ സ്കൂൾ എസ്.ഐ.ടി.സി യുടെ സഹായത്താൽ സംഘടിപ്പിക്കൽ
2. വർക്ക് ഷീറ്റുകൾ
ഭൂപടവായനക്ക് പര്യാപ്തമായ വിശകലന ചോദ്യങ്ങളുൾപ്പെട്ട വർക്ക്ഷീറ്റ് തയ്യാറാക്കൽ

**ലക്ഷ്യം : പുരാവസ്തുക്കളുടെ ശേഖരണവും പ്രദർശനവും നടത്തി ചരിത്രശേഷിപ്പുകളെ സംരക്ഷിക്കാനുള്ള മനോഭാവം ഉണ്ടാക്കുക**

1. പുരാവസ്തു ശേഖരണം
നാടിനെ അറിയാൻ എന്ന യൂണിറ്റുമായി ബന്ധപ്പെട്ട് ഗൃഹസന്ദർശനം
2. നാട്ടറിവു സെമിനാർ
പഴയകാല ഉപകരണവും ഉപയോഗങ്ങളും സെമിനാർ
3. പുരാവസ്തു പ്രദർശനം
ശേഖരിച്ച പുരാവസ്തുക്കളുടെ ശേഖരണവും ലേബലിംഗും പ്രദർശനവും
4. ചരിത്ര മ്യൂസിയം
പുരാവസ്തു മ്യൂസിയം ഒരുക്കുക

**ലക്ഷ്യം : ശാസ്ത്രസർഗാത്മകത വികസിപ്പിക്കുക**

1. ക്ലാസ്സ് തല ശാസ്ത്രമേളകൾ
ക്ലാസ്സ് തലത്തിൽ ശാസ്ത്രമേളകൾ സംഘടിപ്പിക്കൽ
2. ശാസ്ത്രലൈബ്രറി
ക്ലാസ്സ് ലൈബ്രറിയുടെ ഭാഗമായി പരിസരപഠനസംബന്ധിയായ പുസ്തകങ്ങൾ സജ്ജീകരിക്കുകയും

സയൻസ് ഫിക്ഷനുകൾ വായിക്കാനും ആശയങ്ങളെ വിവിധരീതിയിൽ പുനരാവിഷ്കരിക്കാനും അവസരമൊരുക്കുക
3. ദിനാചരണങ്ങൾ
ശാസ്ത്രദിനാചരണങ്ങളുമായി ബന്ധപ്പെട്ട് രചനകൾ നടത്താൻ അവസരമൊരുക്കുകയും പതിപ്പുകൾ തയ്യാറാക്കുകയും ചെയ്യുക
4. പ്രതിവാര പ്രശ്നോത്തരികൾ

വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് ശാസ്ത്ര പ്രശ്നോത്തരികൾ നടത്തുകയും വിജ്ഞാനഡയറി തയ്യാറാക്കുകയും ചെയ്യുക.

5. ശാസ്ത്ര ചരിത്രം

ശാസ്ത്രകാരൻമാരുടെ ജീവചരിത്രം പരിചയപ്പെടുത്തുക (ആഴ്ചയിൽ ഒരു ശാസ്ത്രജ്ഞൻ)

**ലക്ഷ്യം : ഭിന്നശേഷിക്കാരായ കുട്ടികളെ ഉൾക്കൊള്ളും വിധം പ്രവർത്തനങ്ങൾ ക്രമീകരിക്കുക**

1. ഐ.സി.ടി വിഭവങ്ങൾ

നേരിട്ടുള്ള അനുഭവം ലഭിക്കും വിധം ദൃശ്യ-ശ്രാവ്യ സങ്കേതങ്ങൾ പ്രയോജനപ്പെടുത്തുന്നതിനായി ഐ.സി.ടി വിഭവങ്ങൾ വികസിപ്പിക്കുക.

2. പുറംവാതിൽ പഠനം

ഫീൽഡ് ട്രിപ്പുകൾ ഫലപ്രദമായി പഠനത്തിൽ ഉൾച്ചേർക്കുക

3. പഠനകാർഡുകൾ

ചിത്രങ്ങൾ, സ്പെസിമെൻ എന്നിവ ഉൾപ്പെടുത്തി പഠനകാർഡുകൾ തയ്യാറാക്കുക

## വിഷയമേഖല – എൽ.പി ഇംഗ്ലീഷ്

**മികവുകൾ**

1. ഇംഗ്ലീഷിൽ പകുതിയിലധികം കുട്ടികളെ മികച്ച നിലവാരത്തിലെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്

പരീക്ഷാഫലം ടേം 2

| ക്ലാസ്സ് | കുട്ടികളുടെ എണ്ണം | A ഗ്രേഡ് | B ഗ്രേഡ് | C ഗ്രേഡ് | D ഗ്രേഡ് | E ഗ്രേഡ് |
|---|---|---|---|---|---|---|
| I | 60 | 35 | 10 | 12 | 3 | – |
| II | 59 | 34 | 11 | 8 | 3 | 3 |
| III | 76 | 35 | 8 | 10 | 14 | 9 |
| IV | 91 | 39 | 20 | 15 | 14 | 3 |
| ആകെ | 286 | 143 | 49 | 45 | 34 | 15 |

2. അതത് ക്ലാസ്സുകളിലെ നിലവാരത്തിനനുസരിച്ച് ലഘുവാക്യങ്ങൾ എഴുതാനും ,വായിക്കാനും കഴിയുന്നുണ്ട്
3. ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് കുട്ടികൾക്ക് പ്രതികരിക്കാൻ കഴിയുന്നുണ്ട്
4. ഐസിടി വിഭവങ്ങൾ ഉപയോഗപ്പെടുത്താൻ കഴിയുന്നുണ്ട്
5. സ്കൂൾ ലൈബ്രറിയിൽ ഇംഗ്ലീഷ് പുസ്തകങ്ങൾ ലഭ്യമാണ്

**പരിമിതികൾ**

1. സ്വതന്ത്രരചനയിൽ കുട്ടികൾക്ക് പ്രയാസം നേരിടുന്നു.
2. എല്ലാ യൂണിറ്റുകൾക്കും ആവശ്യമായ വർക്ക ഷീറ്റുകൾ ലഭ്യമല്ല
3. എല്ലാ കുട്ടികൾക്കും ശരിയായി എഴുതാനും ദീർഘമായ വാക്യങ്ങൾ വായിക്കാനും കഴിയുന്നില്ല.
4. വേണ്ടത്ര ഐ.സി.ടി വിഭവങ്ങൾ ലഭ്യമല്ല.
5. വിവരണങ്ങൾ തയ്യാറാക്കാൻ കഴിയുന്നില്ല
6. ഉചിതമായ പഠനസാമഗ്രികൾ വികസിപ്പിക്കാൻ കഴിയുന്നില്ല
7. ഇംഗ്ലീഷിൽ ലഘുവായ ആശയവിനിമയം സാധ്യമാകുന്നില്ല

**ലക്ഷ്യം**

നാലാം ക്ലാസ്സ് പൂർത്തിയാകുമ്പോഴേക്കും എല്ലാ കുട്ടികളേയും എഴുത്ത് വായന ആശയവിനിമയം എന്നിവയിൽ നിശ്ചിതനിലവാരത്തിലെത്തിക്കുക

**ഉപലക്ഷ്യങ്ങൾ**

1. എല്ലാ കുട്ടികളേയും അക്ഷരത്തെറ്റില്ലാതെ എഴുതാനും വ്യക്തതയോടെ വായിക്കാനും പ്രാപ്തരാക്കുക
2. പാഠ്യപദ്ധതിയിൽ നിർദ്ദേശിക്കുന്ന ചെയ്യുന്ന എല്ലാ വ്യവഹാര രൂപങ്ങളിലും നിശ്ചിത നിലവാര ലെത്താൻ കുട്ടികള പ്രാപ്തരാക്കുക
3. ഇംഗ്ലീഷ് ഭാഷ സർഗാത്മകമായി ഉപയോഗിക്കുന്നതിന് അവസരമൊരുക്കുക.
4. ഭിന്ന നിലവാരത്തിലുള്ള കുട്ടികളെ ഉൾക്കൊള്ളും വിധം പ്രവർത്തനങ്ങൾ വികസിപ്പിക്കുക

**പ്രവർത്തനങ്ങൾ**

**ലക്ഷ്യം:എല്ലാ കുട്ടികളേയും അക്ഷരത്തെറ്റില്ലാതെ എഴുതാനും വ്യക്തതയോടെ വായിക്കാനും പ്രാപ്തരാക്കുക**

1. ഇംഗ്ലീഷ് വായനാക്കാർഡ് തയ്യാറാക്കൽ
   മുൻക്ലാസ്സുകളിൽ പരിചയപ്പെട്ട വാക്കുകൾ ഉൾക്കൊള്ളുന്ന ലഘുവായനാകാർഡുകൾ തയ്യാറാക്കുന്നു.
2. വർക്ക് ഷീറ്റുകൾ രൂപപ്പെടുത്തൽ
   വായനയിൽ പ്രശ്നം നേരിടുന്നവർക്കായി word ladder, riddle തുടങ്ങിയവ ഉൾപ്പെടുത്തി വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു
3. ഭാഷാകളികൾ
   add more lines, നിമിഷപ്രസംഗം തുടങ്ങിയ കളികൾ എല്ലാദിവസവും നിശ്ചിതസമയം നൽകൽ

**ലക്ഷ്യം: പാഠ്യപദ്ധതിയിൽ നിർദ്ദേശിക്കുന്ന ചെയ്യുന്ന എല്ലാ വ്യവഹാര രൂപങ്ങളിലും നിശ്ചിത നിലവാര ലെത്താൻ കുട്ടികളെ പ്രാപ്തരാക്കുക**

1. സംഭാഷണകളി
   ഓരോ യൂണിറ്റിലും അധികമായി നൽകാൻ പറ്റുന്ന സംഭാഷണ സന്ദർഭങ്ങൾ പട്ടികപ്പെടുത്തുന്നു. തുടക്കവും ഒടുക്കവും നൽകിയ ലളിതമായ സംഭാഷണം വർക്ക് ഷീറ്റ് രൂപത്തിൽ നൽകുന്നു. ക്ലാസ്സ് റൂം സന്ദർഭങ്ങൾ സംഭാഷണമായി രൂപപ്പെടുത്തുന്നു

2.ചിത്രത്തിൽനിന്ന് കഥയിലേക്ക്

ഐസിടി സാധ്യത ഉപയോഗിച്ച് കഥാചിത്രങ്ങൾ തയ്യാറാക്കുകയും ലഘുവാക്യങ്ങൾ ഉപയോഗിച്ച് കഥ പറയുകയും എഴുതുകയും ചെയ്യൽ.

3.രക്ഷാകർതൃപരിശീലനം

ഓരോ യൂണിറ്റിലും ഉള്ള പ്രധാന വ്യവഹാരരൂപങ്ങൾ, അവയുടെ വളർച്ച, വിലയിരുത്തൽ സൂചകങ്ങൾ എന്നിവ സംബന്ധിച്ച് രക്ഷിതാക്കൾക്ക് പരിശീലനം നൽകുകയും ഗാർഹിക പിന്തുണ ഉറപ്പാക്കുകയും ചെയ്യൽ

**ലക്ഷ്യം: ഇംഗ്ലീഷ് ഭാഷ സർഗാത്മകമായി ഉപയോഗിക്കുന്നതിന് അവസരമൊരുക്കുക.**

1. ഇംഗ്ലീഷ് അസംബ്ലി

കുട്ടികളുടെ നേതൃത്വത്തിൽ പത്രവാർത്ത, ഇന്നത്തെ ചിന്താവിഷയം, പുസ്തകപരിചയം കവിത എന്നിവ ഉൾപ്പെടുത്തി ഇംഗ്ലീഷ് അസംബ്ളി സംഘടിപ്പിക്കുക

2. വൺ ഡേ ഇംഗ്ലീഷ്

ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷിൽ മാത്രം ആശയവിനിമയം

3.ഭാഷാ ക്യാമ്പുകൾ

ഇംഗ്ലീഷ് ക്യാമ്പുകൾ സംഘടിപ്പിക്കുക

4. ഇംഗ്ലീഷ് ഫെസ്റ്റ്

സ്കിറ്റുകൾ, കഥ,കവിത ഇടങ്ങിയവ ഉൾപ്പെടുത്തി ഇംഗ്ലീഷ് ഫെസ്റ്റ് സംഘടിപ്പിക്കുക

**ലക്ഷ്യം: ഭിന്ന നിലവാരത്തിലുള്ള കുട്ടികളെ ഉൾക്കൊള്ളും വിധം പ്രവർത്തനങ്ങൾ വികസിപ്പിക്കുക**

1. സിനിമകൾ,കാർട്ടൂണുകൾ

ഇംഗ്ലീഷ് ഭാഷയിലുള്ള കാർട്ടൂണുകൾ,കഥകൾ,കവിതകൾ എന്നിവ കാണാൻ അവസരമൊരുക്കുന്നു.

2. ഫ്ലാഷ് കാർഡുകൾ

ചിത്രങ്ങളും വാക്കുകളും ഉൾപ്പെടുത്തിയ കാർഡുകൾ തയ്യാറാക്കി ഉപയോഗിക്കുന്നു.

3. വായനാ കാർഡുകൾ

ബാലമാസികകളിലെ ചിത്രങ്ങളും വാക്കുകളും ഉപയോഗിച്ച് വായനാ കാർഡുകൾ തയ്യാറാക്കുന്നു.

4.റൈം ടൈം

എല്ലാ ദിവസവും ലളിതമായ റൈമുകളും അവയുടെ ദൃശ്യാവിഷ്കാരവും കാണാൻ അവസരമൊരുക്കുന്നു.

5.പ്രീടെസ്റ്റ്

പ്രീടെസ്റ്റ് നടത്തി പരിഹാരബോധനം

## പ്രവർത്തന കലണ്ടർ

### വിഷയമേഖല : മലയാളം

### I.ഹ്രസ്വകാലം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | വിശദാംശങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|---|
| മുഴുവൻ ഭാഷാശേഷികളിലും എല്ലാ കുട്ടികളെയും നിശ്ചിത നിലവാരത്തിലെത്തിക്കുക | വായനാ കാർഡുകൾ | വിവിധ വ്യവഹാരങ്ങൾക്കനുയോജ്യമായ വായനാകാർഡുകൾ രൂപപ്പെടുത്തുക | ജൂൺ- ആഗസ്റ്റ് 25 | 1000 |
| | വർക്ക് ഷീറ്റുകൾ വികസിപ്പിക്കൽ | ഓരോ യൂണിറ്റുകളിലെയും വ്യവഹാര രൂപങ്ങൾക്ക് യോജിച്ച വർക്ക് ഷീറ്റുകൾ തയ്യാറാക്കുക | ജൂൺ- ആഗസ്റ്റ് 25 | 2000 |
| ഭിന്നശേഷി ഉള്ള കുട്ടികൾക്കായി പ്രവർത്തനങ്ങൾ വികസിപ്പിക്കുക | പഠനോപകരണ ശില്പശാല | റിസോഴ്സ് അധ്യാപികയുടെസഹായത്തോടെ അനുയോജ്യമായ പഠന സാമഗ്രികൾ വികസിപ്പിക്കൽ | ജൂൺ- ആഗസ്റ്റ് 25 | 1000 |
| | പ്രീടെസ്റ്റ് | പ്രീ ടെസ്റ്റ് നടത്തി പരിഹാരബോധനം | ജൂൺ | |

### II.മധ്യമകാലം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | വിശദാംശങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|---|
| മുഴുവൻ ഭാഷാശേഷികളിലും എല്ലാ കുട്ടികളെയും നിശ്ചിത നിലവാരത്തിലെത്തിക്കുക | നിരന്തര മൂല്യനിർണ്ണയം | ഓരോ വ്യവഹാര രൂപത്തിന്റെയും വിലയിരുത്തൽ സൂചകങ്ങൾ വികസിപ്പിച്ച് പഠിതാവിന്റെ പുരോഗതി വിലയിരുത്താനും പരിഹാരബോധനം നടത്താനും ഉതകും വിധം നിരന്തരമൂല്യനിർണയ ടൂളുകൾ രൂപപ്പെടുത്തൽ | 2025-26 | - |
| കുട്ടിയെ മികച്ച വായനക്കാരനാ | വായനാക്കൂട്ടം | ക്ലാസ്സ് തല വായനാക്കൂട്ടം രൂപീകരിച്ച് വായനാകുറിപ്പ് തയ്യാറാക്കുന്നു. | 2025-26 | - |

| | | | | |
|---|---|---|---|---|
| കഥനത്തിലൂടെ ഭാഷാസ്നേഹവും മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുക | | മികച്ച വായനാകുറിപ്പുകൾക്ക് സമ്മാനം | | |
| | വായനാ മത്സരം | പ്രതിവാരവായനാമത്സരം ക്ലാസ് തലത്തിലും,സ്കൂൾ തലത്തിലും. | 25-26 | 1000 |
| | ദിനാചരണങ്ങൾ | ഭാഷയും സാഹിത്യവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾക്ക് കലണ്ടർ തയ്യാറാക്കുന്നു. കുട്ടികളുടെ ടാലന്റ് പ്രകടിപ്പിക്കാൻഅവസരം | 25-26 | - |
| | സ്കൂൾ ആകാശവാണി | കഥ, കവിത, വായനാക്കുറിപ്പുകൾ, സാഹിത്യകാരൻമാരെ പരിചയപ്പെടൽ എന്നിങ്ങനെ വിവിധങ്ങളായ അവതരണങ്ങൾ | 25-26 | - |
| | അമ്മവായന-അമ്മയോടൊപ്പം വായന | രക്ഷിതാക്കൾക്കായി ലൈബ്രറി പുസ്തകങ്ങൾ ലഭ്യമാക്കുകയും കുട്ടിയോടൊപ്പം വായിച്ച് കൂട്ടായി കുറിപ്പുകൾ, തയ്യാറാക്കൽ | 25-26 | - |
| സർഗാത്മകരചനകൾക്ക് കൂടുതൽ അവസരമൊരുക്കുന്നതിലൂടെ ഭാഷാശേഷിവളർത്തുക | രചനാശിൽപശാല | ഓരോ യൂണിറ്റിനുശേഷവും സർഗാത്മക രചനകൾക്കായി ശിൽപശാലകൾ സംഘടിപ്പിക്കുക | 25-26 | - |
| | എഴുത്തുമൂല | കുട്ടികളുടെ രചനകൾ അവതരിപ്പിക്കാനും വിലയിരുത്താനും അവസരമൊരുക്കും വിധം പതിപ്പുകൾ പ്രസിദ്ധപ്പെടുത്തുക | 25-26 | 1000 |
| | വിദ്യാരംഗം കലാസാഹിത്യ വേദി | ക്ലാസ് തല യൂണിറ്റുകൾ രൂപീകരിച്ച് പ്രാദേശികമായി ലഭ്യമായ വിദഗ്ധരുടെ സേവനം പ്രയോജനപ്പെടുത്തി ക്ലാസ്സുകൾ നൽകൽ | 25-26 | 2000 |
| | ലഘു നാടകക്കളരി | പാഠഭാഗങ്ങളുടെ നാടകീകരണം നടത്തി ക്ലാസ്സ് പി.ടി.എ കളിൽ അവതരിപ്പിക്കൽ | 25-26 | - |
| ഭിന്നശേഷി ഉള്ള കുട്ടികൾക്കായി പ്രവർത്തനങ്ങൾ വികസിപ്പിക്കുക | ഐ.സി.ടി വിഭവങ്ങൾ വികസിപ്പിക്കൽ | ദൃശ്യ-ശ്രാവ്യ സങ്കേതങ്ങൾ ഉപയോഗിച്ച് പഠനം ആകർഷകമാക്കാൻ കഴിയും വിധം ഐ.സി.ടി വിഭവങ്ങൾ വികസിപ്പിക്കൽ | 25-26 | - |

## III.ദീർഘകാലം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | വിശദാംശങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|---|
| സർഗാത്മകരചനകൾക്ക് കൂടുതൽ അവസരമൊരുക്കുന്നതിലൂടെ ഭാഷാശേഷിവളർത്തുക | നവമാധ്യമ കൂട്ടായ്മ | നവമാധ്യമ കൂട്ടായ്മകളിലൂടെ മികവുകളുടെ പങ്കുവെക്കൽ | 25-26 | - |

### വിഷയമേഖല : ഗണിതം

## I.ഹ്രസ്വകാലം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | വിശദാംശങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|---|
| ദൈനംദിന ജീവിതപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ ഉപയോഗപ്പെടുത്തുക | പഠനോപകരണ ശിൽപശാല | അടിസ്ഥാനക്രിയകൾ ഉറപ്പിക്കാൻ മൂർത്തമായ പഠനസാമഗ്രികൾ വികസിപ്പിക്കുന്നു. | ആദ്യ ടേം 25 | 2000 |
| | വർക്ക് ഷീറ്റുകൾ | നിരന്തരവിലയിരുത്തലിന് സഹായകമായവിധത്തിൽ ഓരോ യൂണിറ്റുമായും ബന്ധപ്പെട്ട് വർക്ക് ഷീറ്റുകൾ | ആദ്യ ടേം 2025 | 2000 |
| ഗണിതാശയങ്ങൾ വിശദീകരിക്കുന്നതിന് ഗണിതഭാഷ ഉപയോഗിക്കാൻ അവസരം | ഗണിത കിറ്റുകൾ | ഗണിത പഠനത്തിന് സഹായകമായ വസ്തുക്കൾ ശേഖരിച്ച് ഗണിത കിറ്റുകൾ തയ്യാറാക്കുന്നു | ആദ്യ ടേം 2025 | - |
| പ്രതിഭാധനരായ കുട്ടികൾക്ക് അനുയോജ്യമായ പ്രവർത്തനങ്ങൾ സൂക്ഷ്മാസൂത്രണത്തിൽ ഉൾപ്പെടുത്തുക | സൂക്ഷ്മാസൂത്രണം | പ്രക്രിയാബന്ധിത പഠനം സാധ്യമാകും വിധം പാഠഭാഗങ്ങളുടെ സൂക്ഷ്മാസൂത്രണം തയ്യാറാക്കൽ | ആദ്യ ടേം 2025 | - |
| | ചോദ്യശേഖരം തയ്യാറാക്കൽ | ഗണിത ശാസ്ത്ര ക്വിസുകൾ,മൽസര പരീക്ഷകൾ എന്നിവയ്ക്കുതയോ | ആദ്യ ടേം 2025 | - |

| | | | | |
|---|---|---|---|---|
| | | ജ്യമായ ഉയർന്ന ചിന്താശേഷി ഉൾക്കൊള്ളുന്ന ചോദ്യശേഖരം തയ്യാറാക്കി കുട്ടികൾക്ക നൽകുക. | | |
| ഭിന്നശേഷികൾക്കായി പ്രവർത്തനങ്ങൾ ക്രമീകരിക്കുക | പ്രീടെസ്റ്റ് | പ്രീ ടെസ്റ്റ് നടത്തി അടിസ്ഥാനശേഷികളിൽ പരിഹാര ബോധനം | ജൂൺ 25 | - |

## II.മധ്യമകാലം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | വിശദാംശങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|---|
| ദൈനംദിന ജീവിതപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ ഉപയോഗപ്പെടുത്തുക | ഉച്ചഭക്ഷണത്തിലെ ഗണിതം | ഓരോ ക്ലാസിലെയും പഠനനേട്ടങ്ങൾക്കനുസരിച്ച് ഹാജരായ കുട്ടികളുടെ എണ്ണം കണ്ടെത്തൽ,ഒരു ദിവസത്തെ ഉച്ചഭക്ഷണത്തിന്റെ ചെലവ് കണക്കാക്കൽ, കൃത്യമായ കണക്ക് തയ്യാറാക്കി സൂക്ഷിക്കൽ എന്നിവക്ക് അവസരം നൽകുന്നു. | 25-26 | - |
| | ഹോണസ്റ്റി ഷോപ്പ് | ഓരോ ക്ലാസ്സിലും ഹോണസ്റ്റി ഷോപ്പുകൾ സജ്ജീകരിക്കുന്നു. കച്ചവടഗണിതം പരിചയപ്പെടുന്നു. | 25-26 | - |
| | കുടുംബ ബജറ്റ്-സർവേ | ഓരോരുത്തരും തങ്ങളുടെ വീട്ടിലെ വരവുചെലവ് കണക്കുകൾ ശേഖരിച്ച് ബജറ്റ് തയ്യാറാക്കുന്നു. | 25-26 | - |
| | ഗണിതകേളികൾ | സംഖ്യാ പാറ്റേണുകൾ, മാന്ത്രിക ചതുരം ,കലണ്ടർ ഗണിതം തുടങ്ങിയ കളിസാമഗ്രികൾ ഒരുക്കുന്നു. | 25-26 | 1000 |
| ഗണിതാശയങ്ങൾ വിശദീകരിക്കുന്നതിന് ഗണിതഭാഷ ഉപയോഗിക്കാൻ അവസരം | കച്ചവടപന്തൽ | കച്ചവടക്കളികളിലൂടെ ഗണിതഭാഷ കുട്ടികളിലുറപ്പിക്കുന്നു. | 25-26 | - |
| | ഗണിതാസ്വാദനം | സംഖ്യാപാറ്റേണുകൾ /ജ്യോമെട്രിക്കൽ പാറ്റേണുകൾ എന്നിവ നിർമ്മിക്കാനുള്ള പരിശീലനക്കൂട്ടങ്ങൾ | 25-26 | - |
| പ്രതിഭാധനരായ കുട്ടികൾക്ക് അന | ഇടർപ്രവർത്തന പാക്കേജ് | ഓരോ യൂണിറ്റിലേയും ഇടർപ്രവർത്തന സാധ്യതകൾവികസിപ്പിക്കൽ | 25-26 | - |

| | | | | |
|---|---|---|---|---|
| യോജ്യമായ പ്രവർത്തനങ്ങൾ സ്കൂളാസൂത്രണത്തിൽ ഉൾപ്പെടുത്തുക | നിർമ്മാണക്കളരി | ജ്യാമിതീയ രൂപങ്ങൾ ശേഖരിക്കലും നിർമാണവും | 26-26 | - |
| | കുസൃതിക്കണക്കുകൾ | ഉയർന്ന ചിന്താശേഷി ആവശ്യമായ ഗണിതകടംകഥകൾ നിർമിക്കാൻ അവസരമൊരുക്കൽ | 25-26 | - |
| ഭിന്നശേഷികൾക്കായി പ്രവർത്തനങ്ങൾ ക്രമീകരിക്കുക | ഗണിത സോഫ്റ്റ്‌വെയറുകൾ | ഗണിതക്രിയകൾ,ജ്യാമിതീയ രൂപങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട സോഫ്റ്റ് വെയറുകൾ ഫലപ്രദമായി ഉപയോഗിക്കൽ, ആവശ്യമായ പരിശീലനം സംഘടിപ്പിക്കൽ | 25-26 | 2000 |

## III.ദീർഘകാലം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | വിശദാംശങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|---|
| ഭിന്നശേഷികൾക്കായി പ്രവർത്തനങ്ങൾ ക്രമീകരിക്കുക | ഗണിതലാബ് | ഗണിതാശയങ്ങൾ പ്രായോഗികമായി മനസ്സിലാക്കാൻ ഉപകരിക്കുന്ന തരത്തിൽ ഗണിതലാബ് ഒരുക്കുന്നു | 25-26 | 25000 |

## വിഷയമേഖല : പരിസരപഠനം

## I.ഹ്രസ്വകാലം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | വിശദാംശങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|---|
| പഠനനേട്ടങ്ങൾ മുഴുവൻ കുട്ടികളിലും എത്തിക്കുക | വർക്ക്ഷീറ്റുകൾ | എല്ലാ യൂണിറ്റിലേയും ആശയങ്ങൾ സ്വാംശീകരിക്കാനാവശ്യമായ വർക്ക് ഷീറ്റുകൾ തയ്യാറാക്കുക | ആദ്യ ടേം 25 | 2000 |
| | പഠനബോധന സാമഗ്രികൾ | കുട്ടികളുടെയും രക്ഷിതാക്കളുടെയും യു.പി.വിഭാഗം ശാസ്ത്രാധ്യാപകരുടെയും സഹായത്തോടെ പഠന സാമഗ്രികൾ ഒരുക്കൽ | ആദ്യ ടേം 25 | 2000 |

| | | | | |
|---|---|---|---|---|
| | ചോദ്യ ബാങ്ക് | യൂണിറ്റ് ടെസ്റ്റ് ചോദ്യശേഖരവും സൂചകങ്ങളും വികസിപ്പിക്കുക. | ആദ്യ ടേം 2025 | - |
| ആവശ്യമായ പരീക്ഷണസാമഗ്രികൾ | പരീക്ഷണപാക്കേജ് | ഓരോ യൂണിറ്റിലെയും പരീക്ഷണപ്രവർത്തനങ്ങളും സാധനങ്ങളും ലിസ്റ്റ് ചെയ്യൽ | ആദ്യ ടേം 2025 | - |
| ക്ലാസ്സിലുംവീട്ടിലും ഒരുക്കുക | പരീക്ഷണക്കിറ്റ് | ക്ലാസ്സിലും,വീട്ടിലും സ്വന്തമായി പരീക്ഷണക്കിറ്റ് ഒരുക്കൽ | ആദ്യ ടേം 2025 | - |
| അക്കാദമിക ഭൗതികസൗകര്യങ്ങൾഒരുക്കുന്നതിലൂടെ ഭൂമിശാസ്ത്ര സംബന്ധിയായ വിഷയങ്ങളുടെ വിനിമയം ഫലപ്രദമാക്കുക | ക്ലാസ്സിലൊരു ജിയോലാബ് | ഓരോ ക്ലാസ്സിലും ആവശ്യമായ എണ്ണം ഗ്ലോബുകൾ, മാപ്പുകൾ,അറ്റ്ലസുകൾ എന്നിവ ഒരുക്കൽ | ആദ്യ ടേം 2025 | 4000 |
| ഭൂപടവായന ഫലപ്രദമാക്കാനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുക | വർക്ക് ഷീറ്റുകൾ | ഭൂപടവായനയ്ക്ക് പര്യാപ്തമായ വിശകലന ചോദ്യങ്ങളുൾപ്പെട്ട് വർക്ക്ഷീറ്റ് തയ്യാറാക്കൽ | ആദ്യ ടേം 2025 | 1000 |
| പുരാവസ്തുക്കളുടെ ശേഖരണവും പ്രദർശനവും നടത്തി ചരിത്രശേഷിപ്പുകളെ സംരക്ഷിക്കാനുള്ള മനോഭാവം ഉണ്ടാക്കുക | പുരാവസ്തു ശേഖരണം | നാടിനെ അറിയാൻ എന്ന യൂണിറ്റുമായി ബന്ധപ്പെട്ട് ഗൃഹസന്ദർശനം | ആദ്യ ടേം 2025 | - |
| ശാസ്ത്രസർഗാത്മകത വളർത്തുക | ശാസ്ത്രലൈബ്രറി | പരിസരപഠനസംബന്ധിയായ പുസ്തകങ്ങൾ സജ്ജീകരിച്ച് സയൻസ് ഫിക്ഷനുകൾ വായിക്കാനും പുനരാവിഷ്കരിക്കാനും അവസരം | ആദ്യ ടേം 2025 | - |
| ഭിന്നശേഷിക്കാരായ കുട്ടികൾക്കായിപ്രവർത്തനങ്ങൾ ക്രമീകരിക്കുക | പഠനകാർഡുകൾ | ചിത്രങ്ങൾ, സ്പെസിമെൻ എന്നിവ ഉൾപ്പെടുത്തി പഠനകാർഡുകൾ തയ്യാറാക്കുക | ആദ്യ ടേം 2025 | 500 |

**II.മധ്യമകാലം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | വിശദാംശങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് |
| --- | --- | --- | --- | --- |
| പഠനനേട്ടങ്ങൾ മുഴുവൻ കുട്ടികളിലും എത്തിക്കുക | ലഘുപ്രൊജക്ടുകൾ | അറിവ് പ്രായോഗികമായി പ്രയോജനപ്പെടുത്താൻ അവസരമൊരുക്കി ലഘുപ്രൊജക്ടുകളും സെമിനാറുകളും സംഘടിപ്പിക്കുക | 25-26 | - |
| ആവശ്യമായ പരീക്ഷണസാമഗ്രികൾ ക്ലാസ്സിലുംവീട്ടിലും ഒരുക്കുക | ക്ലാസ്സ് പിടിഎ | പ്രതിമാസയോഗങ്ങളിൽ പരീക്ഷണപ്രവർത്തനങ്ങൾ വിശദീകരണം | 25-26 | - |
| | പരീക്ഷണക്കളരി | പരീക്ഷണം വീട്ടിലും സ്കൂളിലും നടത്തി പരീക്ഷണക്കുറിപ്പുകൾ തയ്യാറാക്കി പൊതുവേദികളിൽ ( പി.ടി.എ, അസംബ്ലി) അവതരിപ്പിക്കൽ | 25-26 | - |
| അക്കാദമിക ഭൗതികസൗകര്യങ്ങൾഒരുക്കുന്നതിലൂടെ ഭൂമിശാസ്ത്ര സംബന്ധിയായ വിഷയങ്ങളുടെ വിനിമയം ഫലപ്രദമാക്കുക | ജ്യോതിശാസ്ത്രക്ലാസ്സുകൾ | പ്രാദേശികമായി ലഭ്യമായ വിദഗ്ധരെ ഉപയോഗപ്പെടുത്തി ദിക്കുകൾ, ഭ്രമണം,പരിക്രമണം, പൗർണമി, അമാവാസി എന്നിവയെക്കുറിച്ചുള്ള പ്രാഥമിക അറിവ് ലഭ്യമാക്കാനുള്ള ക്ലാസ് നൽകൽ | 25-26 | 1000 |
| ഭൂപടവായന ഫലപ്രദമാക്കാനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുക | ഐ.സി.ടി വിഭവങ്ങൾ | ലഭ്യമായ വിവിധ സോഫ്റ്റ് വെയറുകൾ ഭൂപട വായനയിൽ ഉപയോഗപ്പെടുത്തുക. ഇതിനായി അധ്യാപക പരിശീലങ്ങൾ സ്കൂൾ എസ്.ഐ.ടി.സി യുടെ സഹായത്താൽ സംഘടിപ്പിക്കൽ | 25-26 | 1000 |
| പുരാവസ്തുക്കളുടെ ശേഖരണവും പ്രദർശനവും നടത്തി ചരിത്രശേഷിപ്പുകളെ സംരക്ഷിക്കാനുള്ള മനോഭാവം ഉണ്ടാക്കുക | നാട്ടറിവ് സെമിനാർ | പഴയകാല ഉപകരണവും ഉപയോഗങ്ങളും സെമിനാർ | 25-26 | - |
| | പുരാവസ്തു പ്രദർശനം | ശേഖരിച്ച പുരാവസ്തുക്കളുടെ ശേഖരണവും ലേബലിംഗും പ്രദർശനവും | 2025-26 | - |
| ശാസ്ത്രസർഗാത്മകത വളർത്തുക | ക്ലാസ്സ് തല ശാസ്ത്രമേളകൾ | ക്ലാസ്സ് തലത്തിൽ ശാസ്ത്രമേളകൾ സംഘടിപ്പിക്കൽ | 25- 26 | 1000 |
| | ദിനാചരണങ്ങൾ | ശാസ്ത്രദിനാചരണങ്ങളുമായി | | 1000 |

| | | | | |
|---|---|---|---|---|
| | | ബന്ധപ്പെട്ട് രചനകൾ നടത്താൻ അവസരമൊരുക്കുകയും പതിപ്പുകൾ തയ്യാറാക്കുകയും ചെയ്യുക | 25-26 | |
| | പ്രതിവാര പ്രശ്നോത്തരികൾ | വിവിധവിഷയങ്ങളുമായിബന്ധപ്പെട്ട് ശാസ്ത്ര പ്രശ്നോത്തരികൾനടത്തുക. വിജ്ഞാനഡയറി തയ്യാറാക്കുക | 25-26 | - |
| | ശാസ്ത്രചരിത്രം | ശാസ്ത്രകാരൻമാരുടെ ജീവചരിത്രം പരിചയപ്പെടുത്തുക (ആഴ്ചയിൽ ഒരു ശാസ്ത്രജ്ഞൻ) | 25-26 | - |
| ഭിന്നശേഷിക്കാരായ കുട്ടികൾക്കായിപ്രവർത്തനങ്ങൾ ക്രമീകരിക്കുക | ഐ.സി.ടി വിഭവങ്ങൾ | നേരിട്ടുള്ള അനുഭവം ലഭിക്കും വിധം ദൃശ്യ-ശ്രാവ്യ സങ്കേതങ്ങൾപ്രയോജനപ്പെടുത്തുന്നതിനായി ഐ.സി.ടി വിഭവങ്ങൾ വികസിപ്പിക്കുക. | 25-26 | - |
| | പുറംവാതിൽ പഠനം | ഫീൽഡ് ട്രിപ്പുകൾ ഫലപ്രദമായി പഠനത്തിൽ ഉൾച്ചേർക്കുക | 25-26 | - |

## III.ദീർഘകാലം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | വിശദാംശങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|---|
| പുരാവസ്തുക്കളുടെ ശേഖരണവും പ്രദർശനവും നടത്തി ചരിത്രശേഷിപ്പുകളെ സംരക്ഷിക്കാനുള്ള മനോഭാവം ഉണ്ടാക്കുക | ചരിത്ര മ്യൂസിയം | പുരാവസ്തു മ്യൂസിയം ഒരുക്കുക | 2025-26 | 100000 |

### വിഷയമേഖല : ഇംഗ്ലീഷ്

## I.ഹ്രസ്വകാലം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | വിശദാംശങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| എല്ലാകുട്ടികളെയും അക്ഷരത്തെറ്റില്ലാതെഎഴുതാനും വ്യക്തതയോടെ വായിക്കാനും പ്രാപ്തരാക്കുക | ഇംഗ്ലീഷ് വായനാക്കാർഡ് തയ്യാറാക്കൽ | മുൻക്ലാസുകളിൽ പരിചയപ്പെട്ട വാക്കുകൾ ഉൾക്കൊള്ളുന്ന ലഘു വായനാകാർഡുകൾ തയ്യാറാക്കുന്നു. | ജൂൺ 2025 | 1000 |
| | വർക്ക് ഷീറ്റുകൾ രൂപപ്പെടുത്തൽ | വായനയിൽ പ്രശ്നം നേരിടുന്നവർക്കായി word ladder, riddle തുടങ്ങിയവ ഉൾപ്പെടുത്തിവർക്ക്ഷീറ്റുകൾ | ആദ്യഘട്ടം 2025 | 1000 |
| എല്ലാ വ്യവഹാര രൂപങ്ങളിലും നിശ്ചിത നിലവാരലെത്തിക്കുക | രക്ഷാകർതൃപരിശീലനം | വ്യവഹാരരൂപങ്ങൾ,വിലയിരുത്തൽ സൂചകങ്ങൾ എന്നിവയിൽ രക്ഷിതാക്കൾക്ക് പരിശീലനം. ഗാർഹിക പിന്തുണ ഉറപ്പാക്കൽ | ജൂൺ 2025 | - |
| ഭിന്ന നിലവാരത്തിലുള്ള കുട്ടികൾക്കായി പ്രവർത്തനങ്ങൾ വികസിപ്പിക്കുക | ഫ്ലാഷ് കാർഡുകൾ | ചിത്രങ്ങളും വാക്കുകളും ഉൾപ്പെടുത്തിയ കാർഡുകൾ തയ്യാറാക്കുക | 25 ജൂൺ | 500 |
| | വായനാ കാർഡുകൾ | ബാലമാസികകളിലെ ചിത്രങ്ങളും വാക്കുകളും ഉപയോഗിച്ച് വായനാ കാർഡുകൾ തയ്യാറാക്കുന്നു. | 25 ജൂലൈ | 500 |
| | പ്രീടെസ്റ്റ് | പ്രീടെസ്റ്റും പരിഹാരബോധനവും | ജൂൺ | - |

## II.മധ്യകാലം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | വിശദാംശങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|---|
| എല്ലാകുട്ടികളെയും അക്ഷരത്തെറ്റില്ലാതെഎഴുതാനും വ്യക്തതയോടെ വായിക്കാനും പ്രാപ്തരാക്കുക | ഭാഷാകളികൾ | add more lines, നിമിഷപ്രസംഗം തുടങ്ങിയ കളികൾ എല്ലാദിവസവും നിശ്ചിതസമയം നൽകൽ | 2025-26 | - |
| എല്ലാ വ്യവഹാര രൂപങ്ങളിലും നിശ്ചിത നിലവാരലെത്താൻകുട്ടികളെപ്രാപ്തരാക്കുക | സംഭാഷണക്കളി | ഓരോ യൂണിറ്റിലും സംഭാഷണ സന്ദർഭങ്ങൾ പട്ടികപ്പെടുത്തുന്നു. തുടക്കവും ഒടുക്കവും നൽകിയ ലളിതമായ സംഭാഷണം വർക്ക് ഷീറ്റ് രൂപത്തിൽ നൽകുന്നു. | 25-26 | - |
| | ചിത്രത്തിൽ നിന്ന് കഥയിലേക്ക് | ഐസിടി സാധ്യത ഉപയോഗിച്ച് കഥാചിത്രങ്ങൾ തയ്യാറാക്കുകയും ലഘുവാക്യങ്ങൾ ഉപയോഗിച്ച് കഥ പറയുകയും എഴുതുകയും ചെയ്യൽ. | 25-26 | - |
| ഇംഗ്ലീഷ് ഭാഷ | ഇംഗ്ലീഷ് | പത്രവാർത്ത, ഇന്നത്തെ ചിന്താ | | - |

| | | | | |
|---|---|---|---|---|
| സർഗാത്മകമായി ഉപയോഗിക്കുന്നതിന് അവസരമൊരുക്കുക. | അസംബ്ലി | വിഷയം, പുസ്തകപരിചയം കവിത എന്നിവ ഉൾപ്പെടുത്തി ഇംഗ്ലീഷ് അസംബ്ലി സംഘടിപ്പിക്കുക | 25-26 | |
| | വൺ ഡേ ഇംഗ്ലീഷ് | ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷിൽ മാത്രം ആശയവിനിമയം | 25-26 | - |
| | ഭാഷാ ക്യാമ്പ് | ഇംഗ്ലീഷ് ക്യാമ്പുകൾ | | 2000 |
| | ഇംഗ്ലീഷ് ഫെസ്റ്റ് | സ്കിറ്റുകൾ, കഥ,കവിത ഇടങ്ങിയവ ഉൾപ്പെടുത്തി ഇംഗ്ലീഷ് ഫെസ്റ്റ് സംഘടിപ്പിക്കുക | 25-26 | 2000 |
| ഭിന്ന നിലവാരത്തിലുള്ള കുട്ടികൾക്കായി പ്രവർത്തനങ്ങൾ വികസിപ്പിക്കുക | സിനിമകൾ, കാർട്ടൂണുകൾ | ഇംഗ്ലീഷ് ഭാഷയിലുള്ള കാർട്ടൂണുകൾ,കഥകൾ,കവിതകൾ എന്നിവ കാണാൻ അവസരമൊരുക്കുന്നു. | 25-26 | - |
| | റൈം ടൈം | റൈമുകളും അവയുടെ ദൃശ്യാവിഷ്കാരവും കാണാൻ അവസരം | 25- 6 | - |

## III.ദീർഘകാലം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | വിശദാംശങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ സർഗാത്മകമായി ഉപയോഗിക്കുന്നതിന് അവസരമൊരുക്കുക. | ഇംഗ്ലീഷ് തിയേറ്റർ | ദൃശ്യ-ശ്രാവ്യ സങ്കേതങ്ങൾ സജ്ജീകരിച്ച് ഇംഗ്ലീഷ് ലാബ് | 25-26 | 100000 |

# അധ്യായം 4

# അക്കാദമിക മാസ്റ്റർ പ്ലാൻ യു.പി വിഭാഗം

## വിഷയമേഖല യു.പി ഒന്നാംഭാഷ (മലയാളം)

**മികവുകൾ**

1. യു.പി വിഭാഗത്തിലെ ആകെയുള്ള കുട്ടികളിൽ പേർ ഒഴികെ മറ്റെല്ലാവരും അടിസ്ഥാനഭാഷാ ശേഷി നേടിയവരാണ്.
2. ആസ്വാദനക്കുറിപ്പുകൾ, വായനാക്കുറിപ്പുകൾ ,ഉപന്യാസം ഇടങ്ങിയ വ്യവഹാരങ്ങൾ തയ്യാറാക്കുന്നതിൽ നല്ലൊരു ശതമാനം കുട്ടികൾ മികച്ച നിലവാരം പ്രകടിപ്പിക്കുന്നു.

പരീക്ഷാഫലം ടേം 2

| ആകെ കുട്ടികൾ (5,6,7 ക്ലാസ്സുകൾ) | A ഗ്രേഡ് | B ഗ്രേഡ് | C ഗ്രേഡ് | D ഗ്രേഡ് | E ഗ്രേഡ് |
|---|---|---|---|---|---|
| 641 | 164 | 94 | 187 | 105 | 91 |

3. ഐ .സി.ടി വിഭവങ്ങൾ ഉപയോഗപ്പെടുത്താൻ കഴിയുന്നുണ്ട്
4. സ്കൂൾ ലൈബ്രറിയിൽ വിവിധവിഷയങ്ങളുമായി ബന്ധപ്പെട്ട 1500 ലധികം പുസ്തകങ്ങൾ ഉണ്ട്
5. നൂറ്റി അമ്പതോളം പുസ്തകങ്ങൾ ഉള്ള ക്ലാസ്സ് ലൈബ്രറി ഓരോ ക്ലാസ്സിലും ഉണ്ട്.

**പരിമിതികൾ**

1. വായനയിലും ലേഖനത്തിലും മുഴുവൻ കുട്ടികളേയും നിശ്ചിത നിലവാരത്തിലെത്തിക്കാൻ കഴിഞ്ഞിട്ടില്ല
2. സർഗാത്മകമേഖലയിലെ ശേഷികളായ കഥ,കവിത,അനുഭവം ഇടങ്ങിയ വ്യവഹാരരൂപങ്ങളിൽ കുട്ടികൾ വളരെ പിന്നാക്കമാണ്.
3. ലൈബ്രറി പുസ്തകങ്ങൾ അധികവായനക്കായി ഉപയോഗപ്പെടുത്തുന്ന കുട്ടികൾ കുറവാണ്.
4. ചെറിയ ശതമാനം കുട്ടികൾക്ക് ചിഹ്നങ്ങൾ ശരിയായി ഉപയോഗിക്കാൻ കഴിയുന്നില്ല.
5. വ്യാകരണവസ്തുതകൾ കൃത്യമായി വിനിമയം ചെയ്യപ്പെടുന്നില്ല.

**ലക്ഷ്യം**

മലയാളഭാഷയുടേയും സംസ്കാരത്തിന്റേയും സൗന്ദര്യം തിരിച്ചറിയാനും സർഗാത്മകമായി ഭാഷ ഉപയോഗിക്കാനും ഉള്ള കഴിവ് വളർത്തിയെടുക്കുക

**ഉപലക്ഷ്യങ്ങൾ**

1. അടുത്ത അധ്യയന വർഷത്തിന്റെ അവസാനത്തോടുകൂടി വായനയിലും ലേഖനത്തിലും മുഴുവൻ കുട്ടികളെയും നിശ്ചിത നിലവാരത്തിലെത്തിക്കുക
2. കഥ, കവിത, ആത്മകഥ തുടങ്ങി സർഗ്ഗാത്മകപ്രകടനവുമായി ബന്ധപ്പെട്ട വ്യവഹാരരൂപങ്ങളിൽ അർത്ഥപൂർണമായ അനുഭവങ്ങൾ ഒരുക്കുന്നതിലൂടെ ഭാഷാശേഷി വർധിപ്പിക്കുക.
3. ലൈബ്രറി പുസ്തകങ്ങളുടെ ഫലപ്രദമായ ഉപയോഗത്തിലൂടെ ഭാഷാസ്നേഹവും മൂല്യങ്ങളും വളർത്തുക.
4. വൈവിധ്യമാർന്ന പഠനോപാധികളിലൂടെ ഭാഷാവസ്തുതകൾ ഫലപ്രദമായി വിനിമയം ചെയ്യുക



**പ്രവർത്തനങ്ങൾ**

**ലക്ഷ്യം : അടുത്ത അധ്യയന വർഷത്തിന്റെ അവസാനത്തോടുകൂടി വായനയിലും ലേഖനത്തിലും മുഴുവൻ കുട്ടികളെയും നിശ്ചിത നിലവാരത്തിലെത്തിക്കുക**

1. വർക്ക്ഷീറ്റുകൾ

   വിവിധ വ്യവഹാരരൂപങ്ങളുമായി ബന്ധപ്പെട്ട വർക്ക്ഷീറ്റുകൾ വികസിപ്പിക്കൽ

2. നിരന്തരമൂല്യനിർണയം

   യൂണിറ്റ് പരീക്ഷകൾ നടത്തുകയും മൂല്യനിർണവിശകലനത്തിന് രീതിശാസ്ത്രം വികസിപ്പിക്കുന്നതിലൂടെ പഠനനില കൃത്യമായി തിരിച്ചറിഞ്ഞ് പരിഹാരബോധനം നടത്തുകയും ചെയ്യൽ

3. പഠനസാമഗ്രികൾ വികസിപ്പിക്കൽ

   വിവിധ വ്യവഹാരരൂപങ്ങളുടെ സവിശേഷതകളും സൂചകങ്ങളും തിരിച്ചറിഞ്ഞ് സ്വയം മെച്ചപ്പെടുത്താൻ കുട്ടിയെ സഹായിക്കുന്ന തരത്തിൽ മാതൃകകൾ വികസിപ്പിക്കൽ

4. ഐ .സി.ടി അധിഷ്ഠിത പഠനം

   വിവിധ യൂണിറ്റുകളുമായി ബന്ധപ്പെട്ട വീഡിയോകൾ, കവിതാലാപനം, പ്രസംഗം തുടങ്ങിയവയുടെ ഓഡിയോ എന്നിവ ലഭ്യമാക്കൽ

5. പ്രീ ടെസ്റ്റ്

   മുൻ ക്ലാസ്സുകളിൽ പരിചയപ്പെട്ട വിവിധ വ്യവഹാരരൂപങ്ങളിൽ കുട്ടിയുടെ പഠനനില തിരിച്ചറിഞ്ഞ് പരിഹാരബോധനം നടത്തൽ

**ലക്ഷ്യം : കഥ, കവിത, ആത്മകഥ തുടങ്ങി സർഗ്ഗാത്മകപ്രകടനവുമായി ബന്ധപ്പെട്ട വ്യവഹാര രൂപങ്ങളിൽ അർത്ഥ പൂർണമായ അനുഭവങ്ങൾ ഒരുക്കുന്നതിലൂടെ ഭാഷാശേഷി വർധിപ്പിക്കുക.**

1. എഴുത്തുകൂട്ടം

   സർഗാത്മക രചനകൾക്ക് അവസരമൊരുക്കുകയും അവ പതിപ്പുകളായി പ്രസിദ്ധപ്പെടുത്തുകയും ചെയ്യൽ

2. വായനാക്കൂട്ടം രചനാശിൽപശാലകൾ

   പ്രാദേശികമായി ലഭ്യമായ സാഹിത്യകാരൻമാരെ ഉപയോഗപ്പെടുത്തി രചനാശിൽപശാലകൾ സംഘടിപ്പിക്കൽ

3. ആസ്വാദനശിൽപശാല

വായനാവാരവുമായി ബന്ധപ്പെട്ട് ആസ്വാദനശിൽപശാലകൾ സംഘടിപ്പിക്കൽ

4. ആകാശവാണി

സ്കൂൾ ആകാശവാണിയിൽ മികച്ച ക്ലാസ്സ് റൂം ഉൽപന്നങ്ങൾ പങ്കുവെക്കൽ

5. പ്രസംഗപരിശീലനം

പ്രസംഗപരിശീലന ക്യാമ്പുകൾ

6. വായനാക്കുറിപ്പുമത്സരം

മികച്ച വായനാക്കുറിപ്പുകൾ പൊതുവേദികളിൽ ( പി.ടി.എ, ക്ലാസ്സ് പി.ടി.എ )അവതരിപ്പിക്കൽ, പ്രോത്സാഹനം നൽകൽ



7. ദിനാചരണങ്ങൾ

എഴുത്തുകാരുമായി ബന്ധപ്പെട്ട ദിനങ്ങളിൽ സാഹിത്യരചനകളുടെ നാടകീകരണം, പ്രഭാഷണം ഇടങ്ങിയ വ്യവഹാരങ്ങളിൽ അധിക പഠനാനുഭവങ്ങൾ നൽകുക.

**ലക്ഷ്യം :ലൈബ്രറി പുസ്തകങ്ങളുടെ ഫലപ്രദമായ ഉപയോഗത്തിലൂടെ ഭാഷാസ്നേഹവും മൂല്യങ്ങളും വളർത്തുക.**

1. വായനാക്കൂട്ടം

ക്ലാസ്സ് തല വായനാക്കൂട്ടങ്ങൾ രൂപീകരിച്ച് പുസ്തകാസ്വാദനചർച്ചകൾ സംഘടിപ്പിക്കൽ

2. അമ്മവായന

രക്ഷിതാക്കളുടെ വായനാക്കൂട്ടം രൂപീകരിച്ച് സ്കൂൾ ലൈബ്രറിയിൽ നിന്ന് പുസ്തകങ്ങൾ നൽകി വീട്ടിൽ വായനയുടെ അന്തരീക്ഷം ഉണ്ടാക്കൽ

3. ലൈബ്രറി ശാക്തീകരണം

പൊതു പങ്കാളിത്തത്തോടെ ലൈബ്രറിപുസ്തകങ്ങൾ സമാഹരിക്കുക

**ലക്ഷ്യം :വൈവിധ്യമാർന്ന പഠനോപാധികളിലൂടെ ഭാഷാവസ്തുതകൾ ഫലപ്രദമായി വിനിമയം ചെയ്യുക**

1. വ്യാകരണ വിശേഷം

ഓരോ ക്ലാസ്സിലും കുട്ടി മനസ്സിലാക്കേണ്ട ഭാഷാസങ്കേതങ്ങൾ (വ്യാകരണം, പദച്ചേർച്ചകൾ, അലങ്കാരങ്ങൾ, പ്രയോഗവിശേഷങ്ങൾ,ശൈലികൾ) ലിസ്റ്റ് ചെയ്യുകയും അവ വിനിമയം ചെയ്യുന്നതിന് പര്യാപ്തമായ തരത്തിൽ അധിക പഠനസാമഗ്രികൾ വികസിപ്പിക്കുകയും ചെയ്യൽ.

2.ഭാഷാസെമിനാർ

ഭാഷയും സാഹിത്യവുമായി ബന്ധപ്പെട്ട ലഘു പ്രൊജക്ടുകൾക്കും സെമിനാറുകൾക്കും അവസരമൊരുക്കുക

## വിഷയമേഖല - യു.പി ഇംഗ്ലീഷ്

മികവുകൾ

1. പകുതിയിലധികം കുട്ടികളും അടിസ്ഥാന ശേഷികൾ നേടിയിട്ടുണ്ട്.

പരീക്ഷാഫലം ടേം 2 പരീക്ഷാഫലം ടേം 2

| ആകെ കുട്ടികൾ (5,6,7 ക്ലാസ്സുകൾ) | A ഗ്രേഡ് | B ഗ്രേഡ് | C ഗ്രേഡ് | D ഗ്രേഡ് | E ഗ്രേഡ് |
|---|---|---|---|---|---|
| 641 | 155 | 113 | 127 | 141 | 101 |

2. സ്കൂൾ,ക്ലാസ് ലൈബ്രറികളിൽ ഇംഗ്ലീഷ് പുസ്തകങ്ങൾ ലഭ്യമാണ്



പരിമിതികൾ

1. എല്ലാ വ്യവഹാര രൂപങ്ങളും മികച്ച രീതിയിൽ തയ്യാറാക്കാൻ എല്ലാകുട്ടികൾക്കും സാധിക്കുന്നില്ല
2. ഇംഗ്ലീഷിൽ ആശയവിനിമയം സാധ്യമാകുന്നില്ല.
3. വർക്ക്ഷീറ്റുകളുടെ ലഭ്യത പരിമിതമാണ്
4. ഐ .സി.ടി വിഭവങ്ങൾ പരിമിതമാണ്.

ലക്ഷ്യം

* ഏഴാം ക്ലാസ്സ് പൂർത്തിയാകുന്നതോടെ എല്ലാ കുട്ടികളേയും ഇംഗ്ലീഷ് ബാഷ കൈകാര്യം ചെയ്യുന്നതിന് പ്രാപ്തരാക്കുക

ഉപലക്ഷ്യങ്ങൾ

1. വിവിധ വ്യവഹാര രൂപങ്ങൾ മികച്ച രീതിയിൽ തയ്യാറാക്കാൻ ശേഷി കൈവരിക്കുക.
2. സ്വാഭാവികമായ രീതിയിൽ ആർജവത്തോടെ ഇംഗ്ലീഷ് സംസാരിക്കാൻ പ്രാപ്തരാക്കുക
3. അക്ഷരത്തെറ്റുകൂടാതെ എഴുതാനും,വായിക്കാനും പ്രാപ്തരാക്കുക

പ്രവർത്ത നങ്ങൾ

ലക്ഷ്യം :അക്ഷരത്തെ റ്റുകൂടാതെ എഴുതാനും,വായിക്കാനും പ്രാപ്തരാക്കുക

1. പ്രീടെസ്റ്റ്
   പ്രീടെസ്റ്റ് നടത്തി പരിഹാരബോധനം സംഘടിപ്പിക്കൽ
2. വർക്ക് ഷീറ്റുകൾ വികസിപ്പിക്കൽ

മുൻ ക്ലാസുകളിൽ പരിചയമുള്ള വാക്കുകൾ ,ശൈലികൾ എന്നിവയുമായി ബന്ധപ്പെട്ടവർക്ക്ഷീറ്റുകൾ വികസിപ്പിക്കൽ.വർക്ക് ഷീറ്റുകളുടെ വിലയിരുത്തലിലൂടെ പ്രത്യേക സഹായം ആവശ്യമായകുട്ടികളെ കണ്ടെത്തി പിന്നോക്കാവസ്ഥ മറികടക്കാൻ കൂടുതൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ

3.പദകേളി

ഓരോ യൂണിറ്റിലും പഠിച്ചിരിക്കേണ്ട പുതിയ വാക്കുകൾ പട്ടികപ്പെടുത്തുന്നു. word game കളിലൂടെ ഓരോ വാക്കുകളുടെയും സ്പെല്ലിംഗ് ഉറപ്പിക്കുന്നു. phonetics ചാർട്ടിന്റെ സഹായത്തോടെ ഉച്ചാരണം കൃത്യമാക്കുന്നു.

4. ലാംഗ്വേജ് സോഫ്റ്റ്‌വെയറുകൾ

ഉച്ചാരണവുമായി ബന്ധപ്പെട്ട സോഫ്റ്റ്‌വെയറുകൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുക

**ലക്ഷ്യം : വിവിധ വ്യവഹാര രൂപങ്ങൾ മികച്ച രീതിയിൽ തയ്യാറാക്കാൻ ശേഷി കൈവരിക്കുക.**

1. സംഭാഷണക്കളരി

ഓരോ യൂണിറ്റിലും അനുയോജ്യമായ ലളിതമായ തീമുകൾ കണ്ടെത്തി conversation വർക്ക്ഷീറ്റ് രൂപത്തിൽ നൽകുന്നു. അവതരണം

2. ഇന്നത്തെ ചിന്താവിഷയം

ഓരോ ദിവസവും നിശ്ചിത വിഷയങ്ങൾ ഗ്രൂപ്പുകൾക്ക് നൽകുന്നു. വ്യത്യസ്ത വ്യവഹാരങ്ങൾ തയ്യാറാക്കി അവതരണം

3.നിമിഷപ്രസംഗം

ലഘുവിഷയങ്ങൾ നൽകി നിമിഷപ്രസംഗം



**ലക്ഷ്യം : സ്വാഭാവികമായ രീതിയിൽ ആർജ്ജവത്തോടെ ഇംഗ്ലീഷ് സംസാരിക്കാൻ പ്രാപ്തരാക്കുക**

1.ഇംഗ്ലീഷ് അസംബ്ലി

* ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലിയിൽ വിവിധ അവതരണങ്ങൾ

2. ഇംഗ്ലീഷ് സർഗവേള

മാസത്തിൽ രണ്ടു തവണ ഇംഗ്ലീഷ് സർഗവേള – കുട്ടികളുടെ സ്വതന്ത്രമായ അവതരണങ്ങൾ

3.അധ്യാപികയുടെ പുസ്തകപരിചയം

ആഴ്ചയിൽ ഒരു ഇംഗ്ലീഷ് പുസ്തകത്തിന്റെ ആസ്വാദനം അവതരണം

4. സ്പോക്കൺ ഇംഗ്ലീഷ് പരിശീലനം

അവധി ദിവസങ്ങളിൽ വിദഗ്ധരുടെ സേവനം ഉപയോഗപ്പെടുത്തി സ്പോക്കൺ ഇംഗ്ലീഷ് പരിശീലനം

5. ഇംഗ്ലീഷ് ഫെസ്റ്റ്

സ്കിറ്റുകൾ, വിവിധ സർഗാത്മകപ്രകടനങ്ങൾ എന്നിവ ഉൾപ്പെടുത്തി ഇംഗ്ലീഷ് ഫെസ്റ്റ്

6. പതിപ്പുകൾ

ഇംഗ്ലീഷിലെ രചനകൾ ഉൾപ്പെടുത്തി പതിപ്പുകൾ, സ്കൂൾ പത്രം എന്നിവ തയ്യാറാക്കൽ

7. ആകാശവാണി

സ്കൂൾ ആകാശവാണിയിൽ എല്ലാ ദിവസവും 15 മിനിട്ട് ഇംഗ്ലീഷ് അവതരണങ്ങൾ

8. ലാംഗ്വേജ് ലാബ്

വിവിധ ഭാഷാകേളികൾക്കുള്ള സജ്ജീകരണങ്ങൾ ഉൾപ്പെടുത്തി ലാംഗ്വേജ് ലാബ് ഒരുക്കൽ

9. എ ഡേ ഫോർ ഇംഗ്ലീഷ്

ആഴ്ചയിൽ ഒരു ദിവസം ആശയവിനിമയം പൂർണമായും ഇംഗ്ലീഷിൽ നടത്തുക

# വിഷയമേഖല യു.പി ഹിന്ദി

**മികവുകൾ**

1.രണ്ടാം ടേം പരീക്ഷയിൽ 5,6,7 ക്ലാസ്സുകളിലെ ഭൂരിഭാഗം കുട്ടികളും ഹിന്ദിയിൽ മികച്ച നിലവാരത്തിലെത്തിയിട്ടുണ്ട്

പരീക്ഷാഫലം ടേം 2

| ആകെ കുട്ടികൾ (5,6,7 ക്ലാസ്സുകൾ) | A ഗ്രേഡ് | B ഗ്രേഡ് | C ഗ്രേഡ് | D ഗ്രേഡ് | E ഗ്രേഡ് |
|---|---|---|---|---|---|
| 641 | 192 | 104 | 146 | 126 | 93 |

2. വായന,ലേഖനം എന്നിവയിൽ കുട്ടികൾ മികവ് നേടിയിട്ടുണ്ട്

**പരിമിതികൾ**

1. മുഴുവൻ കുട്ടികളെയും ഉയർന്ന നിലവാരത്തിലെത്തിക്കാൻ സാധിച്ചിട്ടില്ല
2. നിരന്തര മൂല്യനിർണ്ണയം കൃത്യമായി നടത്താൻ സാധിച്ചിട്ടില്ല
3. ഐ .സി.ടി സാധ്യതകൾ ലഭ്യമല്ല



**ലക്ഷ്യം**

ഏഴാം ക്ലാസ്സ് പൂർത്തിയാക്കുന്നതോടെ ഹിന്ദി ഒഴുക്കോടെ കൈകാര്യം ചെയ്യാൻ പ്രാപ്തി നേടുക

**ഉപലക്ഷ്യങ്ങൾ**

1. 5,6,7 ക്ലാസ്സുകളിൽ പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠനനേട്ടങ്ങൾക്കും എല്ലാ കുട്ടികളെയും അർഹരാക്കുക
2. രാഷ്ട്രഭാഷാസ്നേഹം വളർത്തുകയും അനായാസം ഒഴുക്കോടെ ഹിന്ദി കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുകയും ചെയ്യുക

പ്രവർത്തനങ്ങൾ

**ലക്ഷ്യം: 5,6,7 ക്ലാസ്സുകളിൽ പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠനനേട്ടങ്ങൾക്കും എല്ലാ കുട്ടികളെയും അർഹരാക്കുക**

1.പ്രീടെസ്റ്റ്

പ്രീടെസ്റ്റ് നടത്തി പരിഹാരബോധനം നടത്തൽ

2.വർക്ക് ഷീറ്റുകൾ വികസിപ്പിക്കൽ

5,6,7 ക്ലാസ്സുകളിലെ യൂണിറ്റുകളുടെ പഠനനേട്ടങ്ങൾ ലിസ്റ്റ് ചെയ്യുകയും ഓരോ പഠന നേട്ടവുമായും ബന്ധപ്പെട്ട് വർക്ക് ഷീറ്റുകൾ വികസിപ്പിക്കുകയും ചെയ്യൽ

3.നിരന്തര മൂല്യനിർണ്ണയം

ഓരോ വർക്ക് ഷീറ്റുകളുടെയും യൂണിറ്റ് പരീക്ഷ വിലയിരുത്തലിന് സൂചകങ്ങൾ വികസിപ്പിക്കുകയും സൂചകങ്ങളുടെ അടിസ്ഥാനത്തിൽ വർക്ക് ഷീറ്റുകൾ വിലയിരുത്തി വിശകലനം ചെയ്ത് പിന്നോക്ക മേഖലകൾ കണ്ടെത്തുകയും തൽസമയ പരിഹാരം നടപ്പിലാക്കുകയും ചെയ്യൽ

4.പഠനസാമഗ്രികൾ സംഘടിപ്പിക്കൽ

ഓരോ പ്രവർത്തനങ്ങളെയും അടിസ്ഥാനമാക്കി അനുയോജ്യമായ പഠന സാമഗ്രികൾലഭ്യമാക്കൽ

**ലക്ഷ്യം: രാഷ്ട്രഭാഷാസ്നേഹം വളർത്തുകയും അനായാസം ഒഴുക്കോടെ ഹിന്ദി കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുകയും ചെയ്യുക**

1. വായനാ സാമഗ്രികൾ തയ്യാറാക്കൽ

അധികവായനക്കുള്ള പുസ്തകങ്ങൾ സജ്ജീകരിക്കൽ.വായനാക്കുറിപ്പുകൾ തയ്യാറാക്കൽ

2. ഹിന്ദി സർഗവേള

മാസത്തിലൊരു തവണ ഹിന്ദി സർഗവേളകൾ സംഘടിപ്പിക്കൽ. മികച്ച അവതരണങ്ങൾ, വായനാക്കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തി പതിപ്പുകൾ തയ്യാറാക്കൽ

3. രാഷ്ട്ര ഭാഷാ ക്ലബ്ബ്

- ഹിന്ദി ക്ലബ്ബ് രൂപീകരിച്ച് ബുള്ളറ്റിൻ ബോർഡുകൾ തയ്യാറാക്കൽ, ഹിന്ദി ദിനാചരണം സംഘടിപ്പിക്കൽ



# വിഷയമേഖല - യു.പി അടിസ്ഥാനശാസ്ത്രം

**മികവുകൾ**

1. ശാസ്ത്രത്തിൽ നിലവിൽ പകുതിയിലധികം കുട്ടികളെ മികച്ച നിലവാരത്തിലെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്

പരീക്ഷാഫലം ടേം 2

| ആകെ കുട്ടികൾ (5,6,7 | A ഗ്രേഡ് | B ഗ്രേഡ് | C ഗ്രേഡ് | D ഗ്രേഡ് | E ഗ്രേഡ് |
|---|---|---|---|---|---|

| ക്ലാസ്സുകൾ | A | B | C | D | E |
|---|---|---|---|---|---|
| 641 | 115 | 103 | 135 | 190 | 98 |

2. ശാസ്ത്ര വിജ്ഞാനപരീക്ഷകളിൽ സബ്ജില്ലാ - ജില്ലാ തലങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കാൻ കഴിയുന്നുണ്ട്
3. പരീക്ഷണപ്രവർത്തനങ്ങൾക്ക് ആവശ്യം വേണ്ട ഉപകരണങ്ങൾ ലഭ്യമാണ്
4. ഐ .സി.ടി വിഭവങ്ങൾ ഉപയോഗപ്പെടുത്താൻ കഴിയുന്നുണ്ട്
5. സ്കൂൾ ലൈബ്രറിയിൽ ശാസ്ത്രപഠനത്തിൽ പ്രയോജനപ്പെടുത്താൻ കഴിയുന്ന പുസ്തകങ്ങൾ ലഭ്യമാണ്
6. പരിസ്ഥിതി പരീക്ഷണശാല – ജൈവോദ്യാനം ഒരുക്കാൻ സ്ഥലലഭ്യത ഉണ്ട്

**പരിമിതികൾ**

1. മുഴുവൻ കുട്ടികളേയും നിശ്ചിത പഠനനേട്ടത്തിലേക്കെത്തിക്കാൻ കഴിഞ്ഞിട്ടില്ല
2. അന്വേഷണാത്മകപഠനത്തിന്റെ സാധ്യതകൾ ക്ലാസ്സ്റൂം വിനിമയത്തിൽ ഉൾച്ചേർക്കാൻ കഴിയുന്നില്ല
3. നിരന്തരവിലയിരുത്തൽ ഫലപ്രദമായി നടത്താൻ കഴിഞ്ഞിട്ടില്ല
4. ആവശ്യമായ ഐ .സി.ടി വിഭവങ്ങൾ ലഭ്യമല്ല
5. പ്രക്രിയാശേഷികളിലും മനോഭാവമേഖലയിലും നിശ്ചിതനിലവാരം ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല
6. ശാസ്ത്രപഠനത്തിന്റെ അടിസ്ഥാനശിലയായ പരീക്ഷണപ്രവർത്തനങ്ങളിൽ മുഴുവൻ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പുവരുത്താൻ കഴിയുന്നില്ല.

**ലക്ഷ്യം**

അക്കാദമിക ഭൗതിക സാഹചര്യങ്ങൾ സജ്ജീകരിക്കുന്നതിലൂടെ എല്ലാ കുട്ടികളെയും ശാസ്ത്രത്തിന്റെ ഉള്ളടക്ക-പ്രക്രിയാ-ശാസ്ത്രസർഗാത്മകതാ മേഖലകളിൽ മികച്ച നിലവാരത്തിലെത്തിക്കുക

**ഉപലക്ഷ്യങ്ങൾ**

1. 5,6,7 ക്ലാസ്സുകളിൽ പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠനനേട്ടങ്ങൾക്കും എല്ലാ കുട്ടികളേയും അർഹരാക്കുക
2. ശാസ്ത്രത്തിന്റെ പ്രക്രിയാശേഷികളായ പരീക്ഷണം, രൂപകൽപന, അപഗ്രഥനം തുടങ്ങിയവയിൽ മുഴുവൻ കുട്ടികളേയും നിശ്ചിത നിലവാരത്തിലെത്തിക്കുക.



3. ശാസ്ത്ര സർഗാത്മകത വികസിപ്പിക്കുക
4. ഓരോ ക്ലാസ്സിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ നേടുന്നുവെന്ന് ഉറപ്പുവരുത്തുക
5. പ്രതിഭാശാലികളായ കുട്ടികൾക്ക് ശാസ്ത്രപഠനത്തിൽ ഉന്നതഗവേഷണസാധ്യതകൾ നൽകും വിധം അന്വേഷണാത്മകപഠനത്തിന്റെ സാധ്യതകൾ സൂക്ഷ്മാസൂത്രണത്തിൽ ഉൾച്ചേർക്കുക.
6. വിവിധ സ്കോളർഷിപ്പ്, വിജ്ഞാനപരീക്ഷകളിൽ മികച്ച വിജയം സാധ്യമാക്കും വിധം

ശാസ്ത്രപഠനത്തിന്റെ വളർച്ച ഉറപ്പുവരുത്തുക.

7. ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നതോടൊപ്പം ശാസ്ത്രമനോഭാവവും വളർത്തുക.

8. ഭിന്നശേഷികളുള്ള കുട്ടികളെ ഉൾക്കൊള്ളും വിധം അനുരൂപീകരണസാധ്യതകൾ വികസിപ്പിക്കുക.

**പ്രവർത്തനങ്ങൾ**

**ലക്ഷ്യം : 5,6,7 ക്ലാസ്സുകളിൽ പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠനനേട്ടങ്ങൾക്കും എല്ലാ കുട്ടികളെയും അർഹരാക്കുക**

1. വർക്ക്ഷീറ്റുകൾ വികസിപ്പിക്കൽ

5,6,7 ക്ലാസ്സുകളിലായി ആകെയുള്ള 30 യൂണിറ്റുകളിലേയും പഠനനേട്ടങ്ങൾ ലിസ്റ്റ് ചെയ്യുകയും ഓരോ പഠനനേട്ടവുമായും ബന്ധപ്പെട്ട് വർക്ക്ഷീറ്റുകൾ വികസിപ്പിക്കുകയും ചെയ്യൽ

2. നിരന്തരമൂല്യനിർണയം

ഓരോ വർക്ക്ഷീറ്റുകളുടേയും യൂണിറ്റ് പരീക്ഷാ ടൂളുകളുടേയും വിലയിരുത്തലിന് സൂചകങ്ങൾ വികസിപ്പിക്കുകയും സൂചകങ്ങളുടെ അടിസ്ഥാനത്തിൽ വർക്ക്ഷീറ്റുകൾ വിലയിരുത്തി വിശകലനം ചെയ്ത് പിന്നാക്കമേഖലകൾ കണ്ടെത്തുകയും തൽസമയ പരിഹാരം നടപ്പിലാക്കുകയും ചെയ്യൽ

3. പഠനസാമഗ്രികൾ വികസിപ്പിക്കൽ

ഓരോ പഠനപ്രവർത്തനത്തിന്റെയും ഫലപ്രദമായ വിനിമയത്തിന് അനുയോജ്യമായ പഠനസാമഗ്രികൾ വികസിപ്പിക്കാൻ വർക്ക് ഷോപ്പുകൾ സംഘടിപ്പിക്കൽ

**ലക്ഷ്യം : ശാസ്ത്രത്തിന്റെ പ്രക്രിയാശേഷികളായ പരീക്ഷണം, രൂപകൽപന, അപഗ്രഥനം തുടങ്ങിയവയിൽ മുഴുവൻ കുട്ടികളെയും നിശ്ചിത നിലവാരത്തിലെത്തിക്കുക.**

*1. ലാബ് ശാക്തീകരണം

പാഠ്യപദ്ധതിവിനിമയത്തിന് അനിവാര്യമായ ലാബ് ഉപകരണങ്ങൾ ലിസ്റ്റ് ചെയ്യുകയും വിഷയം/ തീം അടിസ്ഥാനത്തിൽ സജ്ജീകരിക്കുകയും ചെയ്യൽ

2. ക്ലാസ്സ് ലാബ്, പരീക്ഷണ കിറ്റ്

പരിസരത്തുനിന്നും ശേഖരിക്കാവുന്ന വസ്തുക്കൾ ഉൾപ്പെടുത്തി ക്ലാസ്സ് ലാബ് ഒരുക്കൽ, ഓരോ കുട്ടിക്കും പരീക്ഷണകിറ്റ് രൂപപ്പെടുത്തൽ

3. പരീക്ഷണക്കളരി, നിർമ്മാണക്കളരി എന്നിവ സംഘടിപ്പിക്കൽ

4. ശാസ്ത്ര ക്യാമ്പുകൾ സംഘടിപ്പിക്കൽ

5. ശാസ്ത്ര ഗാലറി, ആക്ടിവിറ്റി സെന്റർ എന്നിവ ഒരുക്കൽ

**ലക്ഷ്യം : ശാസ്ത്ര സർഗാത്മകത വികസിപ്പിക്കുക**

1. ശാസ്ത്രലൈബ്രറി

സയൻസ് ഫിക്ഷനുകളും ശാസ്ത്രലേഖനങ്ങളും വായിക്കുന്നതിന് അവസരമുണ്ടാകും വിധം ക്ലാസ്സ് ലൈബ്രറിയുടെ ഭാഗമായി ശാസ്ത്രലൈബ്രറി ഒരുക്കുക.

2. രചനാശിൽപശാലകൾ ശാസ്ത്രലേഖനങ്ങൾ, ശാസ്ത്രകഥകൾ എന്നിവയുടെ രചനാക്കളരികൾ

സംഘടിപ്പിക്കുകയും ക്ലാസ്സ് / സ്കൂൾതലത്തിൽ ശാസ്ത്ര പതിപ്പുകൾ ഉണ്ടാക്കുകയും ചെയ്യുക

**ലക്ഷ്യം : ഓരോ ക്ലാസ്സിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ നേടുന്നുവെന്ന് ഉറപ്പുവരുത്തു ക**

1. യൂണിറ്റ് മൂല്യനിർണയവും തൽസമയ പരിഹാരബോധനവും

   ഓരോ യൂണിറ്റിന്റെയും കൃത്യമായ മൂല്യനിർണയത്തിന് യൂണിറ്റ് മൂല്യനിർണയ ടൂളുകൾ വികസിപ്പിക്കുക. പരിഹാരബോധനം അതത് സമയത്ത് തന്നെ നടത്തുക.

2. ചെക്ക് ലിസ്റ്റ്

   സ്വയം വിലയിരുത്തലിന് ചെക്ക് ലിസ്റ്റുകൾ രൂപപ്പെടുത്തുക

3. ക്ലാസ്സ്.പി.ടി.എ

   ഓരോ യൂണിറ്റിലും കുട്ടി ഏർപ്പെടേണ്ട പ്രവർത്തനങ്ങൾ, വീട്ടിൽ വെച്ച് ചെയ്യേണ്ട വിവര ശേഖരണം, പരീക്ഷണങ്ങൾ എന്നിവയുടെ കുറിപ്പുകൾ തയ്യാറാക്കി ക്ലാസ്സ് പി.ടി.എ കളിൽ നൽകുക

4. ഐ .സി.ടി അധിഷ്ഠിത പഠനം

   അമൂർത്താശയങ്ങളുടെ വിനിമയത്തിന് ഉതകും വിധം ( പ്രകാശപ്രതിഭാസങ്ങൾ, ബഹിരാകാശം....) ഡിജിറ്റൽ വിഭവങ്ങൾ വികസിപ്പിക്കുക

5. സാങ്കേതികസംവിധാനങ്ങൾ

   മൾട്ടിമീഡിയ സങ്കേതങ്ങളുടെ ഉപയോഗം ക്ലാസ്സ്റൂം വിനിമയത്തിന് ഉപയോഗപ്പെടുത്തുക

**ലക്ഷ്യം : പ്രതിഭാശാലികളായ കുട്ടികൾക്ക് ശാസ്ത്രപഠനത്തിൽ തുടർഗവേഷണസാധ്യതകൾ നൽകും വിധം അന്വേഷണാത്മകപഠനത്തിന്റെസാധ്യതകൾസൂക്ഷ്മാസൂത്രണത്തിൽ ഉൾച്ചേർക്കുകയും ഭിന്ന ശേഷികളുള്ള കുട്ടികളെ ഉൾക്കൊള്ളും വിധം അനുരൂപീകരണസാധ്യതകൾ വികസിപ്പി ക്കുകയും ചെയ്യുക**

1. സൂക്ഷ്മാസൂത്രണം

   അന്വേഷണാത്മകശാസ്ത്രപഠനം സാധ്യമാകും വിധം മുഴുവൻ പാഠഭാഗങ്ങളുടേയും സൂക്ഷ്മതലാ-സൂത്രണംതയ്യാറാക്കൽ

2. തുടർപ്രവർത്തനപാക്കേജ്

   ഓരോ മൊഡ്യൂളുമായും ബന്ധപ്പെട്ട് തുടർപ്രവർത്തനസാധ്യതകൾ വികസിപ്പിക്കൽ

3. ശാസ്ത്രപോർട്ട് ഫോളിയോയുടെ സഹായത്തോടെ ഓരോ കുട്ടിയുടേയും ശാസ്ത്രത്തിലെ പഠനനിലയും ടാലന്റും തിരിച്ചറിയുകയും ആവശ്യമായ അനുരൂപീകരണം ആസൂത്രണത്തിൽ ഉൾപ്പെടുത്തുകയും ചെയ്യുക

4. അന്വേഷണാത്മകപഠനത്തിന് സഹായകമാംവിധം ക്ലാസ്സ് ( വിസ്മയച്ചുമർ,ബുള്ളറ്റിൻ ബോർഡ്....) സജ്ജീകരിക്കുക

**ലക്ഷ്യം : വിവിധ സ്കോളർഷിപ്പ്, വിജ്ഞാനപരീക്ഷകളിൽ മികച്ച വിജയം സാധ്യമാക്കും വിധം ശാസ്ത്രപഠനത്തിന്റെ വളർച്ച ഉറപ്പുവരുത്തു ക.**

1. ചോദ്യശേഖരം തയ്യാറാക്കൽ

   5,6,7 ക്ലാസ്സുകളിലെ മുഴുവൻ യൂണിറ്റുകളിലും ഉയർന്ന ചിന്താശേഷി ആവശ്യമായ പ്രവർത്തന

ങ്ങളുടെയും ചോദ്യങ്ങളുടേയും പൂൾ തയ്യാറാക്കുക. ഓരോ യൂണിറ്റിന്റേയും വിനിമയത്തിന്റെ സമയത്തുതന്നെ ഇത്തരം ചോദ്യ പൂൾ കുട്ടികൾക്ക് നൽകുക. കുട്ടികളുടെ പ്രതികരണങ്ങളുടെ അടിസ്ഥാനത്തിൽ ആവശ്യമായ ചർച്ചകൾ ക്ലാസ്സ് സമയത്തിനു പുറമെ സംഘടിപ്പിക്കുക

2. ശാസ്ത്രവിജ്ഞാനധ്യറി

ഓരോ കുട്ടിയും ഒരു ശാസ്ത്രവിജ്ഞാനധ്യറി തയ്യാറാക്കുക

3. പ്രതിവാര ശാസ്ത്ര പ്രശ്നോത്തരി

ആഴ്ചയിൽ ഒരു ദിവസം പ്രശ്നോത്തരി ക്ലാസ്സ് തലത്തിൽ സംഘടിപ്പിക്കൽ

**ലക്ഷ്യം : ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നതോടൊപ്പം ശാസ്ത്രമനോഭാവവും വളർത്തുക.**

1. ജൈവ ഉദ്യാനം, പരിസ്ഥിതി പരീക്ഷണശാല

വിവിധ ക്ലാസ്സുകളിലെ ശാസ്ത്ര പാഠപുസ്തകത്തിൽ പരാമർശിക്കുന്ന സസ്യങ്ങളെ ഉൾപ്പെടുത്തി ജൈവോദ്യാനം തയ്യാറാക്കുക

2. ശാസ്ത്രസെമിനാറുകൾ, പ്രോജക്ടുകൾ

ആരോഗ്യം, ജലസംരക്ഷണം,പരിസ്ഥിതി, മലിനീകരണം തുടങ്ങി ശാസ്ത്രമനോഭാവവും അവബോധവും വളർത്താൻ അനുയോജ്യമായ പഠനസന്ദർഭങ്ങൾ ഓരോ യൂണിറ്റുകളും പരിശോധിച്ച് കണ്ടെത്തുകയും അതുമായി ബന്ധപ്പെട്ട് സെമിനാറുകൾ, പ്രോജക്ടുകൾ എന്നിവ സംഘടിപ്പിക്കുകയും ചെയ്യൽ

3. ദിനാചരണങ്ങൾ

ശാസ്ത്രകാരൻമാരുടെ ജീവചരിത്രം വായിക്കാനും ശാസ്ത്രത്തിന്റെ വികാസചരിത്രം മനസ്സിലാക്കാനും ഉതകുന്ന തരത്തിൽ ശാസ്ത്രദിനാചരണങ്ങൾ സംഘടിപ്പിക്കൽ

## വിഷയമേഖല യു.പി സാമൂഹ്യശാസ്ത്രം

**മികവുകൾ**

1. സാമൂഹ്യ ശാസ്ത്ര വിഷയത്തിൽ മൂല്യനിർണ്ണയം നടത്തിയപ്പോൾ ഭൂരിഭാഗം കുട്ടികളെയും താരതമ്യേന മെച്ചപ്പെട്ട നിലവാരത്തിലേക്കെത്തിക്കാൻ സാധിച്ചിട്ടുണ്ട്

രണ്ടാം ടേം മൂല്യനിർണ്ണയ ഫലവിശകലനം

| ആകെ കുട്ടികൾ (5,6,7 ക്ലാസ്സ്) | എ ഗ്രേഡ് | ബി ഗ്രേഡ് | സി ഗ്രേഡ് | ഡി ഗ്രേഡ് | ഇഗ്രേഡ് |
|---|---|---|---|---|---|
| 641 | 145 | 116 | 184 | 121 | 85 |

2. സാമൂഹ്യശാസ്ത്ര മേളയിൽ സബ് ജില്ലയിലും,ജില്ലയിലും,സംസ്ഥാനതലത്തിലും കുട്ടികൾ വിവിധയിനങ്ങളിൽ വിജയികളായിട്ടുണ്ട്.

3. ഗ്ലോബ്,അറ്റ്ലസ്,ഭൂപടം,വടക്കുനോക്കിയന്ത്രം എന്നീ പഠനസാമഗ്രികൾ ബോധനത്തിന് ലഭ്യമാണ്.

4.സ്കൂൾ ലൈബ്രറിയിലും,ക്ലാസ്സ് ലൈബ്രറിയിലും സാമൂഹ്യ ശാസ്ത്ര പഠനത്തിനാവശ്യമായ റഫറൻസ് ഗ്രന്ഥങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്.

5.ഐ .ടി സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നുണ്ട്

**പരിമിതികൾ**

1.മുഴുവൻ കുട്ടികളെയും നിശ്ചിത പഠന നേട്ടത്തിലേക്കെത്തിക്കാൻ സാധിച്ചിട്ടില്ല.

2.സാമൂഹ്യശാസ്ത്ര പഠനത്തിൽ അറിവ് നിർമ്മാണ പ്രക്രിയ ഫലപ്രദമായി ഉപയോഗിക്കുവാൻ കഴിയുന്നില്ല

3. ചരിത്രബോധം വളർത്താനുതകും വിധം ചരിത്ര ശേഷിപ്പുകൾ ശേഖരിക്കാനും സംരക്ഷിക്കാനുമുള്ള സംവിധാനങ്ങളില്ല.

4.ഓരോ യൂണിറ്റിനും അനുയോജ്യമായ ഐ .ടി വിഭവങ്ങൾ ലഭ്യമല്ല.

5.ആശയം കുട്ടികളിലേക്ക് എളുപ്പത്തിൽ എത്തിക്കാനാവശ്യമായ വർക്ക് ഷീറ്റുകൾ ലഭ്യമല്ല.

6.നിരന്തര വിലയിരുത്തൽ കൃത്യതപ്പെടുത്താൻ കഴിഞ്ഞിട്ടില്ല

7.ഭൂമിശാസ്ത്രപഠനത്തിൽ കുട്ടികൾ പ്രയാസം നേരിടുന്നു.

**ലക്ഷ്യം**

. ഓരോ ക്ലാസ്സിലും സാമൂഹ്യശാസ്ത്ര ആശയങ്ങൾ വിനിമയം ചെയ്യാൻ അക്കാദമിക ഭൗതിക സാഹചര്യങ്ങൾ സൃഷ്ടിച്ച് എല്ലാ കുട്ടികളെയും മികച്ച നിലവാരത്തിലെത്തിക്കുക

**ഉപലക്ഷ്യങ്ങൾ**

1. 5,6,7 ക്ലാസ്സുകളിൽ പാഠ്യപദ്ധതിയിൽ സൂചിപ്പിട്ടുള്ള മുഴുവൻ പഠനനേട്ടങ്ങൾക്കും എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.

2.ഭൂമിശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട ആശയരൂപീകരണത്തിന് ആവശ്യമായ അക്കാദമിക ഭൗതിക സാഹചര്യം ഒരുക്കുക

3.ചരിത്രശേഷിപ്പുകൾ വരും തലമുറയ്ക്ക് കാണാനും,ചരിത്രമെഴുതാനും സഹായകമായ വിധത്തിൽ സാമൂഹ്യശാസ്ത്ര മ്യൂസിയം സ്ഥാപിക്കുക.

4. പൊതുവിജ്ഞാന മത്സരങ്ങൾ,യു.എസ്.എസ് പരീക്ഷ എന്നിവയിൽ ഉന്നത വിജയം കരസ്ഥമാക്കാൻ സാമൂഹ്യശാസ്ത്ര പഠനം കാര്യക്ഷമമാക്കുക.

5. ഭിന്നശേഷിയുള്ള കുട്ടികളെ ഉൾക്കൊള്ളും വിധം അനുരൂപീകരണ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക

**പ്രവർത്തനങ്ങൾ**

ലക്ഷ്യം : 5,6,7 ക്ലാസ്സുകളിൽ പാഠ്യപദ്ധതിയിൽ സൂചിപ്പിച്ചിട്ടുള്ള മുഴുവൻ പഠനനേട്ടങ്ങൾക്കും എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക

1. വർക്ക്ഷീറ്റ് വികസിപ്പിക്കൽ

യു.പി ക്ലാസ്സുകളിലെ ആകെയുള്ള 35 യൂണിറ്റുകളിലേയും പഠനനേട്ടങ്ങൾ ലിസ്റ്റ് ചെയ്യുകയും ഓരോ പഠനനേട്ടവുമായി ബന്ധപ്പെട്ട പരമാവധി വർക്ക് ഷീറ്റുകൾവികസിപ്പിക്കൽ

2. പഠനസാമഗ്രികൾ തയ്യാറാക്കൽ

സാധ്യമായ പഠനസാമഗ്രികൾ വികസിപ്പിക്കാനാവശ്യമായ വർക്ക് ഷോപ്പുകൾ സംഘടിപ്പിക്കൽ (രക്ഷിതാക്കളെയും ഉൾപ്പെടുത്തി)

40

3. നിരന്തര മൂല്യ നിർണ്ണയം കാര്യക്ഷമമാക്കൽ

യൂണിറ്റ് ടെസ്റ്റ് ചോദ്യങ്ങൾ,വർക്ക് ഷീറ്റുകൾ എന്നിവ യഥാസമയം നൽകി സൂചകങ്ങൾ ഉപയോഗിച്ച് അവ വിലയിരുത്തി ആവശ്യമായ പരിഹാര പ്രവർത്തനങ്ങൾ നൽകൽ.

4. സൂക്ഷ്മാസൂത്രണം

അറിവ് നിർമ്മാണ പ്രക്രിയയിലൂന്നിയുള്ള മുഴുവൻ യൂണിറ്റിന്റെയും സൂക്ഷ്മാസൂത്രണം തയ്യാറാക്കൽ

5. വായനാസാമഗ്രികൾ/റഫറൻസ്

വായനാസാമഗ്രികൾ, പത്രകട്ടിംഗുകൾ ,ചിത്രങ്ങൾ എന്നിവ ബോധനത്തിൽ പരമാവധി ഉൾപ്പെടുത്താൻ പാകത്തിൽ അവയുടെ ശേഖരം തയ്യാറാക്കൽ.സാമൂഹ്യശാസ്ത്ര ലൈബ്രറി സജ്ജീകരിക്കൽ

7. വാതിൽപ്പുറ പഠനം

അഭിമുഖം, ഫീൽഡ് ട്രിപ്പ് എന്നിവയുടെ സാധ്യതകൾ പരമാവധി ഉൾച്ചേർക്കുക

8. സാമൂഹ്യശാസ്ത്ര ലാബ്

5,6,7 ക്ലാസ്സുകളിലെ സാമൂഹ്യശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ലിസ്റ്റ്ചെയ്യൽ, വിവിധതരം ഭൂപടങ്ങൾ,അറ്റ്ലസുകൾ,ചാർട്ടുകൾ,വടക്കുനോക്കിയന്ത്രം ഇടങ്ങിയ സാമഗ്രികൾ സജ്ജീകരിക്കൽ

ലക്ഷ്യം :ചരിത്രശേഷിപ്പുകൾ സംരക്ഷിക്കാനാവശ്യമായ സാമൂഹ്യശാസ്ത്രമ്യൂസിയം ഒരുക്കുക

1. പുരാവസ്തു സർവെ

കുട്ടികളിലൂടെ അവരുടെ വീട്ടിലും നാട്ടിലുമുള്ള ശേഷിപ്പുകൾ കണ്ടെത്തൽ

2. പുരാവസ്തു പ്രദർശനം

സ്കൂളിൽ പുരാവസ്തുക്കളുടെ പ്രദർശനം സംഘടിപ്പിക്കുക.

3. പുരാവസ്തു മ്യൂസിയം

ആവശ്യമായ ലേബലിംഗ് നടത്തി പ്രത്യേകമായി ക്രമീകരിച്ച് മ്യൂസിയം തയ്യാറാക്കുന്നു

ലക്ഷ്യം: ഭിന്നശേഷിയുള്ള കുട്ടികളെ ഉൾക്കൊള്ളും വിധം അനുരൂപീകരണ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തു ക.

1. സാങ്കേതിക സംവിധാനങ്ങൾ

മൾട്ടിമീഡിയ സങ്കേതങ്ങളുടെ ഉപയോഗം ക്ലാസ്സ് റൂം വിനിമയത്തിന് പരമാവധി ഉപയോഗിക്കുക

2. ആശയങ്ങളുടെ വിനിമയത്തിന് ഉതകും വിധം (നവോത്ഥാനം,വ്യവസായ വിപ്ലവം,ഫ്രഞ്ച്

വിസ്താരം,പ്രപഞ്ചം,കാലാവസ്ഥ മേഖലകൾ)ഡിജിറ്റൽ വിഭവങ്ങൾ വികസിപ്പിക്കുക.

ലക്ഷ്യം : ഭൂമിശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട ആശയരൂപീകരണത്തിന് ആവശ്യമായ അക്കാദമിക ഭൗതിക സാഹചര്യം ഒരുക്കുക

1. ജിയോകോർണർ

ഭൂമിശാസ്ത്രപഠന സംബന്ധമായ പഠനസാമഗ്രികൾ ക്ലാസ്സിൽ പരമാവധി ലഭ്യമാക്കൽ

വീട്ടിൽ ഒരു ഗ്ലോബ് പദ്ധതി നടപ്പിലാക്കൽ

അക്ഷാംശ രേഖാംശങ്ങൾ,വൻകരകൾ,സമുദ്രങ്ങൾ എന്നിവ കൃത്യമായി ഗ്രഹിക്കാൻ വർക്ക് ഷീറ്റുകൾ പ്രയോജനപ്പെടുത്തൽ

2.വാനനിരീക്ഷണ ക്യാമ്പ്

വിദ്യാർത്ഥികളെയും,രക്ഷിതാക്കളെയും പങ്കെടുപ്പിച്ച് വാനനിരീക്ഷണക്യാമ്പ് സംഘടിപ്പിക്കൽ.

3. പഠനോപകരണശിൽപശാല

ഭൂമിശാസ്ത്രപഠനത്തിനാവശ്യമായ പഠനോപകരണങ്ങൾ നിർമ്മിക്കൽ



4.സോഫ്റ്റ്വെയറുകൾ

ഭൂമിശാസ്ത്രപഠനത്തിന് പ്രയോജനപ്പെടുത്താവുന്ന സോഫ്റ്റ്‌വെയറുകൾ പ്രയോജനപ്പെടുത്തൽ, പരിശീലനം

**ലക്ഷ്യം : പൊതുവിജ്ഞാന മൽസര പരീക്ഷകൾ,സ്കോളർഷിപ്പ് പരീക്ഷകൾഎന്നിവയിൽ മികച്ച പ്രകടനം കാഴ്ചവെക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുക**

1. പ്രതിവാര പത്രക്വിസ്

- ആകാശവാണിയിലൂടെ നടത്തുന്ന പ്രതിവാര പത്രവാർത്ത ക്വിസിൽ സാമൂഹ്യശാസ്ത്രസംബന്ധിയായ വിവരങ്ങൾ ഉൾപ്പെടുത്തൽ

2. ദിനാചരണങ്ങൾ

സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട ദിനങ്ങളിൽ പ്രത്യേക ക്ലാസ്സുകൾ സംഘടിപ്പിക്കുക

3. ചോദ്യബാങ്ക്

5,6,7 ക്ലാസ്സുകളിലെഎല്ലാ യൂണിറ്റുകളിലെയും ഉയർന്ന ചിന്താശേഷി ആവശ്യമായ പ്രവർത്തനങ്ങളുടെയും ചോദ്യങ്ങളുടെയും ശേഖരം തയ്യാറാക്കുക.ഓരോ യൂണിറ്റിന്റെയുംം വിനിമയ സമയത്തു തന്നെ ഇത്തരം ചോദ്യബാങ്ക് കുട്ടികൾക്ക് നൽകുക

4. സാമൂഹ്യശാസ്ത്ര ക്ലബ്ബ്

സാമൂഹ്യശാസ്ത്ര ക്ലബ്ബ് ശാക്തീകരിക്കുകയും സാമൂഹ്യശാസ്ത്രമേളകൾ ക്ലാസ്സ്-സ്കൂൾ തലങ്ങളിൽ സംഘടിപ്പിക്കുകയും ചെയ്യുക.

## വിഷയമേഖല : യു.പി ഗണിതം

**മികവുകൾ**

ഭൂരിഭാഗം കുട്ടികളും ഗണിതത്തിൽ ശരാശരി നിലവാരത്തിന് മുകളിൽ നിൽക്കുന്നു.

രണ്ടാം ടേം മൂല്യനിർണ്ണയ ഫലവിശകലനം

| ആകെ കുട്ടികൾ (5,6,7 ക്ലാസ്സ്) | എ ഗ്രേഡ് | ബി ഗ്രേഡ് | സി ഗ്രേഡ് | ഡി ഗ്രേഡ് | ഇഗ്രേഡ് |
|---|---|---|---|---|---|
| 641 | 98 | 107 | 115 | 190 | 131 |

2. ഗണിത ശാസ്ത്ര മേളകളിൽ സബ്ജില്ലാ ജില്ലാ തലങ്ങളിൽ മികച്ച പ്രകടനം.
3. ന്യൂമാത്സ് പരീക്ഷയിൽ സംസ്ഥാനതല പരീക്ഷയിൽ പങ്കാളിത്തം ഉണ്ട്..
3. ഗണിത പഠനത്തിൽ ഐ സിടി സാധ്യതകൾ ഉപയോഗിക്കാൻ കഴിയുന്നുണ്ട്.
4. സ്കൂൾ ലൈബ്രറി,ക്ലാസ് ലൈബ്രറി എന്നിവിടങ്ങളിൽ ഗണിത പഠനത്തിനാവശ്യമായ പുസ്തകങ്ങൾ ലഭ്യമാണ്.

**പരിമിതികൾ**

1. ഗണിതം നിത്യജീവിതത്തിൽ പ്രയോഗിക്കാനും പ്രശ്നപരിഹരണത്തിനും ഉള്ള അവസരം കുറവാണ്

2. വസ്തുതകളെ ഗണിതാശയങ്ങൾ ഉപയോഗപ്പെടുത്തി അപഗ്രഥിക്കാനും ,വ്യാഖ്യാനിക്കാനും എല്ലാ കുട്ടികൾക്കും കഴിയുന്നില്ല
3. ഗണിതശാസ്ത്ര ലാബിൽ പ്രൈമറി ഗണിത പഠനത്തിന് ആവശ്യമായ ഉപകരണങ്ങൾ ഇല്ല
4. വസ്തുതകളെ വിശകലനം ചെയ്ത് പൊതുതത്വങ്ങൾ രൂപീകരിക്കാനുള്ള കഴിവ് എല്ലാ കുട്ടികളും നേടിയിട്ടില്ല
5. മുഴുവൻ കുട്ടികൾക്കും ഗണിതം നിത്യജീവിതവുമായി ബന്ധപ്പെടുത്താൻ കഴിയുന്നില്ല

**ലക്ഷ്യം**

എല്ലാ കുട്ടികളെയും ഗണിത ശാസ്ത്രത്തിന്റെ ഉള്ളടക്ക -പ്രക്രിയാ- സർഗാത്മകതാ മേഖലകളിൽ മികച്ച നിലവാരത്തിലെത്തിക്കുക

**ഉപലക്ഷ്യങ്ങൾ**

1. ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ ഉപയോഗപ്പെടുത്തുക.
2. ഗണിതശാസ്ത്രത്തിൽ പ്രതിഭാധനരായ കുട്ടികൾക്ക് തുടർപ്രവർത്തന സാധ്യതകൾ നൽകും വിധം പ്രക്രിയ ബന്ധിത പഠനത്തിന്റെ സാധ്യതകൾ സൂക്ഷ്മാസൂത്രണത്തിൽ ഉൾപ്പെടുത്തുക.
3. ഭിന്നശേഷികളുള്ള കുട്ടികളെ ഉൾക്കൊള്ളുന്ന വിധം പ്രവർത്തനങ്ങൾ ക്രമീകരിക്കുക

**പ്രവർത്തനങ്ങൾ**

**ലക്ഷ്യം: ദൈനംദിന ജീവിതപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ ഉപയോഗപ്പെടുത്തുക**

1. വർക്ക്ഷീറ്റുകൾ
   പ്രായോഗികപ്രശ്നങ്ങളുടെ അപഗ്രഥനത്തിൽ കൂടുതൽ അനുഭവം നൽകുംവിധം വർക്ക്ഷീറ്റുകൾ ഉപയോഗപ്പെടുത്തൽ
2. ഗണിതവും ജീവിതവും
   ഗണിതശാസ്ത്രത്തിന്റെ പ്രായോഗികപ്രാധാന്യവുമായി ബന്ധപ്പെട്ട പ്രോജക്ടുകളും സെമിനാറുകളും സംഘടിപ്പിക്കൽ
3. ഗണിതലാബ്
   ഗണിതശാസ്ത്രപഠനം ആസ്വാദ്യകരമാക്കാനുതകുന്ന ഉപകരണങ്ങളും സാമഗ്രികളും സജ്ജീകരിച്ച് ഗണിതലാബ് ഒരുക്കുക

**ലക്ഷ്യം: ഗണിതശാസ്ത്രത്തിൽ പ്രതിഭാധനരായ കുട്ടികൾക്ക് തുടർപ്രവർത്തന സാധ്യതകൾ നൽകുംവിധം പ്രക്രിയാബന്ധിതപഠനത്തിന്റെ സാധ്യതകൾ സൂക്ഷ്മാസൂത്രണത്തിൽ ഉൾപ്പെടുത്തുക.**

1. ദിനാചരണങ്ങൾ
   ഗണിതശാസ്ത്രകാരൻമാരുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നതിലൂടെ ഗണിതശാസ്ത്രത്തിന്റെ ചരിത്രം മനസ്സിലാക്കാൻ അവസരമൊരുക്കുക.
2. ചോദ്യശേഖരം
   മത്സരപരീക്ഷകളിൽ ഉയർന്ന വിജയം ഉറപ്പാക്കാവുന്ന തരത്തിൽ ഉയർന്ന ചിന്താശേഷിയുള്ള ചോദ്യങ്ങളുടെ പൂൾ വികസിപ്പിക്കുക.അധികസമയ പരിശീലനം നൽകുക
3. പ്രശ്നോത്തരി
   * പ്രതിവാര ഗണിത പ്രശ്നോത്തരികൾ നടത്തുക
4. ഗണിതലൈബ്രറി
   ഗണിതശാസ്ത്രവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ ക്ലാസ്സ് ലൈബ്രറിയിൽ ലഭ്യമാക്കുക. റഫറൻസ് സംസ്കാരം വളർത്തിയെടുക്കുക

**ലക്ഷ്യം: ഭിന്നശേഷികളുള്ള കുട്ടികളെ ഉൾക്കൊള്ളുന്ന വിധം പ്രവർത്തനങ്ങൾ ക്രമീകരിക്കുക**

1. പ്രീടെസ്റ്റ്
   ഓരോ ക്ലാസ്സിലും നേടേണ്ട അടിസ്ഥാനശേഷികൾ പ്രീടെസ്റ്റ് വഴി പരിശോധിച്ച് പരിഹാരബോധനം നടത്തുക
2. ഐ .സി.ടി
   ജ്യാമിതിപഠനത്തിന് ജിയോജിബ്ര,ഡോ.ജിയോ ഇടങ്ങിയ സോഫ്റ്റ്‌വെയറുകളുടെ ഉപയോഗത്തിലൂടെ പഠനം ആസ്വാദ്യകരമാക്കുക
3. പഠനസാമഗ്രികൾ വികസിപ്പിക്കൽ
   അമൂർത്താശയങ്ങളെ മൂർത്തവൽകരിക്കാനുതകുന്ന പഠനസാമഗ്രികൾ വികസിപ്പിക്കുക

## വിഷയമേഖല - ആരോഗ്യ കായിക വിദ്യാഭ്യാസം

**മികവുകൾ**

1.രണ്ടാം ടേം മൂല്യനിർണ്ണയത്തിൽ തിയറിയിലും,പ്രായോഗിക പരീക്ഷയിലും കുട്ടികൾ ഉന്നത നിലവാരം കൈവരിച്ചിട്ടുണ്ട്

2.സബ്ജില്ല സ്പോർട്സ് മൽസരത്തിൽ താരതമ്യേന മികച്ച പ്രകടനം കാഴ്ച വെക്കുന്നുണ്ട്

3.സ്കൂൾതലത്തിൽ കായികമേളകൾ സംഘടിപ്പിച്ച് എല്ലാ കുട്ടികൾക്കും അവസരം നൽകുന്നുണ്ട്

**പരിമിതികൾ**

1. കുട്ടികൾക്ക് കായിക പ്രകടനത്തിലേർപ്പെടാനുള്ള മികച്ച മൈതാനം ലഭ്യമല്ല
2. കുട്ടികളുടെ പ്രായത്തിനും,ക്ലാസിനുമനുസരിച്ചുള്ളകായിക പഠനോപകരണങ്ങൾ ലഭ്യമല്ല
3. കായികോപകരണങ്ങളും,മറ്റും ശേഖരിച്ച് വയ്ക്കാനുള്ള മുറി സൗകര്യം ലഭ്യമല്ല
4. കുട്ടികൾക്ക് ആരോഗ്യകായിക ക്ഷമത കുറവാണ്

**ലക്ഷ്യം**

മികച്ച ഭൗതിക സൗകര്യങ്ങളും,അതോടൊപ്പം പോഷകാഹാര ലഭ്യതയും ഉറപ്പ് വരുത്തി മുഴുവൻ കുട്ടികളെയും കായിക ക്ഷമതയുള്ളവരാക്കുകയും കായികമേളയിൽ മികച്ച വിജയം ഉറപ്പാക്കുകയും ചെയ്യുക

- **ഉപലക്ഷ്യങ്ങൾ**

1. ആരോഗ്യകായിക വിദ്യാഭ്യാസ പദ്ധതിയുമായി ബന്ധപ്പെട്ട് പാഠ്യപദ്ധതിയിലെ മുഴുവൻ ശേഷികളും എല്ലാ കുട്ടികളിലുമെത്തിക്കുക.

2.കുട്ടികൾക്ക് വിവിധകായിക പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പാകത്തിൽ സംവിധാനം ഒരുക്കുക

**പ്രവർത്തനങ്ങൾ**

**ലക്ഷ്യം: ആരോഗ്യകായിക വിദ്യാഭ്യാസ പദ്ധതിയുമായി ബന്ധപെട്ട് പാഠ്യപദ്ധതിയിലെ മുഴുവൻ ശേഷികളും എല്ലാ കുട്ടികളിലുമെത്തിക്കുക.**

1. വർക്ക്ഷീറ്റുകൾ

പാഠപുസ്തകവിനിമയം കാര്യക്ഷമമാക്കുന്നതിനായി വർക്ക് ഷീറ്റുകൾ വികസിപ്പിക്കുക

2.വിദഗ്ധ ക്ലാസ്സുകൾ

ആരോഗ്യമേഖലയിലെ വിദഗ്ധരുടെ ക്ലാസ്സ് സംഘടിപ്പിക്കുക

3. കായികമേള

ക്ലാസ്സ് തല- സ്കൂൾതല കായികമേളകൾ സംഘടിപ്പിക്കുക

ലക്ഷ്യം:കുട്ടികൾക്ക് വിവിധകായിക പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പാകത്തിൽ സംവിധാനം ഒരുക്കുക

1. കളിസ്ഥലമൊരുക്കൽ
   സ്കൂൾ ഗ്രൗണ്ട് നിരപ്പാക്കി കായിക പ്രവർത്തനത്തിന് സജ്ജമാക്കുക, വിവിധ കോർട്ടുകളൊരുക്കുക
2. കായികോപകരണങ്ങൾ
   ഓരോ ക്ലാസ്സിനും അനുയോജ്യമായ കായികോപകരണങ്ങൾ ലഭ്യമാക്കുക. അവ സൂക്ഷിക്കാൻ സൗകര്യമൊരുക്കുക
3. പോഷകാഹാരം
   ഉച്ചഭക്ഷണപദ്ധതി കൂടുതൽ പോഷകസമൃദ്ധമാക്കുക

## വിഷയമേഖല - കലാപഠനം

**മികവുകൾ**

1. സബ്ജില്ലാ കലോൽസവത്തിൽ നിരവധി എ ഗ്രേഡുകൾ നേടാൻ കഴിയുന്നുണ്ട്.
2. നൃത്തം,സംഗീതം,ചിത്രരചന ,പ്രസംഗം എന്നീ മേഖലകളിൽ കഴിവുള്ള കുട്ടികളുണ്ട്

**പരിമിതികൾ**

1. ചിത്രരചന ഒഴികെ മറ്റു കലാരംഗങ്ങളിൽ പരിശീലനം കൊടുക്കാൻ നിലവിൽ സാധിക്കുന്നില്ല

**ലക്ഷ്യം**

കലാരംഗത്ത് വ്യത്യസ്ത മേഖലകളിൽ കഴിവുള്ള കുട്ടികളെ കണ്ടുപിടിച്ച് അവർക്ക് ആവശ്യമായ പരിശീലനം നൽകി വിദ്യാലയത്തെ ടാലന്റ് ലാബ് ആക്കുക.

**പ്രവർത്തനങ്ങൾ**

1. ടാലന്റ് ഹണ്ട്
   ഓരോ ക്ലാസ്സിലും കലാ വിഭാഗങ്ങളിൽ മികവ് പ്രകടിപ്പിക്കുന്ന കുട്ടികളെ കണ്ടെത്തൽ
2. തുടർപരിശീലനങ്ങൾ
   പ്രാദേശികവിദഗ്ധരെ ഉപയോഗപ്പെടുത്തി പരിശീലനം നൽകൽ
3. സ്കൂൾ കലോൽസവം
   മുഴുവൻ കുട്ടികൾക്കും പങ്കാളിത്തം ലഭിക്കുന്ന തരത്തിൽ സ്കൂൾ മേള പുനഃസംഘടിപ്പിക്കൽ

## വിഷയമേഖല - പ്രവൃത്തിപരിചയം

**മികവുകൾ**

1. സബ് ജില്ല -ജില്ല തല പ്രവൃത്തി പരിചയ മേളകളിൽ പങ്കാളിത്തം ഉറപ്പാക്കാൻ കഴിയുന്നുണ്ട്.

2. വിവിധ മേഖലകളിൽ മികവുള്ള കുട്ടികളുണ്ട്

3. സോപ്പ് നിർമാണം പോലുള്ള നിർമാണപ്രവർത്തനങ്ങൾ ഫലപ്രദമായി നടക്കുന്നുണ്ട്

**പരിമിതികൾ**

1. വ്യത്യസ്ത മേഖലകളിൽ പരിശീലനം നൽകാൻ കഴിയുന്നില്ല

**ലക്ഷ്യം**

വിവിധ മേഖലയിൽ കഴിവുള്ള കുട്ടികളെ കണ്ടെത്തി ഉയർന്ന നിലവാരത്തിലെത്തിക്കുക

**പ്രവർത്തനങ്ങൾ**

1. ടാലന്റ് ഹണ്ട്

ഓരോ ക്ലാസ്സിലും വിവിധ വിഭാഗങ്ങളിൽ മികവ് പ്രകടിപ്പിക്കുന്ന കുട്ടികളെ കണ്ടെത്തൽ

2. തുടർപരിശീലനങ്ങൾ

പ്രാദേശികവിദഗ്ധരെ ഉപയോഗപ്പെടുത്തി പരിശീലനം നൽകൽ

3. പ്രവൃത്തി പരിചയമേള

ക്ലാസ്സ് തല സ്കൂൾ തല മേളകൾ എല്ലാ കുട്ടികൾക്കും അവസരം നൽകുന്ന തരത്തിൽ സംഘടിപ്പിക്കുക



## പ്രവർത്തന കലണ്ടർ

## വിഷയമേഖല : യു.പി മലയാളം

### I.ഹ്രസ്വകാലം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | വിശദാംശങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|---|
| വായനയിലും എഴുത്തിലും മുഴുവൻ കുട്ടികളെയും നിശ്ചിതനിലവാരമുള്ളവരാക്കുക | വർക്ക്ഷീറ്റുകൾ | വിവിധ വ്യവഹാരരൂപങ്ങളുമായി ബന്ധപ്പെട്ട വർക്ക്ഷീറ്റുകൾ വികസിപ്പിക്കൽ | 2025 ആദ്യം | 2000 |
| | പ്രീ ടെസ്റ്റ് | മുൻ ക്ലാസ്സുകളിൽ പരിചയപ്പെട്ട വിവിധ വ്യവഹാരരൂപങ്ങളിൽ കുട്ടിയുടെ പഠനനില തിരിച്ചറിഞ്ഞ് പരിഹാരബോധനം നടത്തൽ | 25 ജൂൺ | - |
| സർഗ്ഗാത്മകപ്രകടനവുമായി ബന്ധപ്പെട്ട വ്യവഹാരരൂപങ്ങളിൽ അർത്ഥപൂർണമായ അനുഭവങ്ങൾ ഒരുക്കുന്നതിലൂടെ ഭാഷാശേഷി വർധിപ്പിക്കുക. | ആസ്വാദനശിൽപശാല | വായനാവാരവുമായി ബന്ധപ്പെട്ട് ആസ്വാദനശിൽപശാലകൾ സംഘടിപ്പിക്കൽ | 2025 ജൂൺ | - |
| | പ്രസംഗപരിശീലനം | പ്രസംഗപരിശീലന ക്യാമ്പുകൾ | 2025 ആഗസ്റ്റ് | 1000 |

### II.മധ്യമകാലം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | വിശദാംശങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|---|
| വായനയിലും എഴുത്തിലും മുഴുവൻ കുട്ടികളെയും നിശ്ചിതനിലവാരമുള്ളവരാക്കുക | നിരന്തരമൂല്യനിർണയം | യൂണിറ്റ് പരീക്ഷകൾ നടത്തി മൂല്യനിർണയവിശകലനത്തിന് രീതിശാസ്ത്രം വികസിപ്പിക്കുന്നതിലൂടെ പഠനനില കൃത്യമായിതിരിച്ചറിഞ്ഞ് പരിഹാരബോധനം നടത്തുക | 2025-26 | - |
| | പഠനസാമഗ്രികൾ വികസിപ്പിക്കൽ | വിവിധ വ്യവഹാരരൂപങ്ങളുടെസവിശേഷതകളും സൂചകങ്ങളും തിരിച്ചറിഞ്ഞ് സ്വയം മെച്ചപ്പെടുത്താൻ കുട്ടിയെ സഹായിക്കുന്ന തരത്തിൽ മാതൃകകൾ വികസിപ്പിക്കൽ | 2025-26 | - |

| | | | | |
|---|---|---|---|---|
| | | പ്പെട്ട ലഘു പ്രൊജക്ടുകൾക്കും സെമിനാറുകൾക്കും അവസര മൊരുക്കുക | 25-26 | |



## വിഷയമേഖല : യു.പി ഇംഗ്ലീഷ്

### I.ഹ്രസ്വകാലം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | വിശദാംശങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|---|
| അക്ഷരത്തെറ്റുകൂടാതെ എഴുതാനും വായിക്കാനും പ്രാപ്തരാക്കുക | പ്രീടെസ്റ്റ് | പ്രീടെസ്റ്റ് -പരിഹാരബോധനം സംഘടിപ്പിക്കൽ | 2025 ജൂൺ | |
| | വർക്ക് ഷീറ്റുകൾ വികസിപ്പിക്കൽ | നിശ്ചിത പഠനനേട്ടങ്ങളുമായിബന്ധപ്പെട്ട് വർക്ക്ഷീറ്റുകൾ വികസിപ്പിക്കൽ. പ്രത്യേക സഹായം ആവശ്യമായ കുട്ടികളെ കണ്ടെത്തൽ. പരിഹാരപ്രവർത്തനങ്ങൾ | ആദ്യടേം 2025 | 1000 |

### II.മധ്യമകാലം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | വിശദാംശങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|---|
| അക്ഷരത്തെറ്റുകൂടാതെ എഴുതാനും വായിക്കാനും പ്രാപ്തരാക്കുക | പദകേളി | പുതിയ പദങ്ങൾ ഉറപ്പിക്കുന്നതിനായി പദകേളികൾ. phonetics ചാർട്ടിന്റെ സഹായത്തോടെ ഉച്ചാരണം കൃത്യമാക്കുന്നു. | 25-26 | - |
| | ലാംഗ്വേജ് സോഫ്റ്റ്‌വെയർ | ഉച്ചാരണവുമായി ബന്ധപ്പെട്ട സോഫ്റ്റ്‌വെയറുകൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുക | 25-26 | - |
| വിവിധവ്യവഹാരരൂപങ്ങൾ മികച്ച രീതിയിൽ തയ്യാറാക്കാൻ ശേഷി | സംഭാഷണക്കളരി | ഓരോ യൂണിറ്റിലും അനുയോജ്യമായ ലളിതമായ തീമുകൾ കണ്ടെത്തി conversation വർക്ക്ഷീറ്റ് നൽകുന്നു. അവതരണം | 25-26 | - |

| | | | | |
|---|---|---|---|---|
| | ഐ.സി.ടി അധിഷ്ഠിത പഠനം | വിവിധ യൂണിറ്റുകളുമായി ബന്ധപ്പെട്ട വീഡിയോകൾ, കവിതാലാപനം, പ്രസംഗം ഇടങ്ങിയവയുടെ ഓഡിയോ എന്നിവ ലഭ്യമാക്കൽ | 25-26 | - |
| സർഗ്ഗാത്മകപ്രകടനവുമായി ബന്ധപ്പെട്ട വ്യവഹാരരൂപങ്ങളിൽ അർത്ഥപൂർണമായ അനുഭവങ്ങൾ ഒരുക്കുന്നതിലൂടെ ഭാഷാശേഷി വർധിപ്പിക്കുക. | എഴുത്തുകൂട്ടം | സർഗാത്മക രചനകൾക്ക് അവസരമൊരുക്കുകയും അവ പതിപ്പുകളായി പ്രസിദ്ധപ്പെടുത്തുകയും ചെയ്യൽ | 25-26 | 1000 |
| | വായനാക്കൂട്ടം | പ്രാദേശികമായി ലഭ്യമായ സാഹിത്യകാരൻമാരെ ഉപയോഗപ്പെടുത്തി രചനാശിൽപശാലകൾ നടത്തൽ | 25-26 | 1000 |
| | ആകാശവാണി | സ്കൂൾ ആകാശവാണിയിൽ മികച്ച ക്ലാസ്സ് റൂം ഉൽപന്നം പങ്കുവെക്കൽ | 25-26 | - |
| | വായനാക്കുറിപ്പുമത്സരം | മികച്ച വായനാക്കുറിപ്പുകൾ പൊതുവേദികളിൽ അവതരിപ്പിക്കൽ, | 25-26 | - |
| | ദിനാചരണങ്ങൾ | എഴുത്തുകാരുമായി ബന്ധപ്പെട്ട ദിനങ്ങളിൽ സാഹിത്യരചനകളുടെ നാടകീകരണം, പ്രഭാഷണം ഇടങ്ങിയ വ്യവഹാരങ്ങളിൽ അധിക പഠനാനുഭവങ്ങൾ നൽകുക | 25-26 | - |
| ലൈബ്രറി പുസ്തകങ്ങളുടെ ഫലപ്രദമായ ഉപയോഗത്തിലൂടെ ഭാഷാസ്നേഹവും മൂല്യങ്ങളും വളർത്തുക. | വായനാക്കൂട്ടം | ക്ലാസ്സ് തല വായനാക്കൂട്ടങ്ങൾ രൂപീകരിച്ച് പുസ്തകാസ്വാദന ചർച്ചകൾ സംഘടിപ്പിക്കൽ | 25-26 | - |
| | അമ്മവായന | രക്ഷിതാക്കളുടെ വായനാക്കൂട്ടംരൂപീകരിച്ച് സ്കൂൾ ലൈബ്രറികളിൽനിന്ന് പുസ്തകങ്ങൾ നൽകി വീട്ടിൽ വായനയുടെ അന്തരീക്ഷം ഉണ്ടാക്കൽ | 25-26 | - |
| | ലൈബ്രറി ശാക്തീകരണം | പൊതു പങ്കാളിത്തത്തോടെ ലൈബ്രറിപുസ്തകങ്ങൾ സമാഹരിക്കുക | 25-26 | - |
| വൈവിധ്യമാർന്ന പഠനോപാധികളിലൂടെഭാഷാവസ്തുതകൾ ഫലപ്രദമായി വിനിമയം ചെയ്യുക | വ്യാകരണ വിശേഷം | ഓരോ ക്ലാസ്സിലും കുട്ടി മനസ്സിലാക്കേണ്ട ഭാഷാസങ്കേതങ്ങൾ ലിസ്റ്റ് ചെയ്യുകയും അവ വിനിമയംചെയ്യുന്നതിന് പര്യാപ്തമായ തരത്തിൽ അധിക പഠനസാമഗ്രികൾ വികസിപ്പിക്കുകയും ചെയ്യൽ. | 2025-26 | - |
| | ഭാഷാസെമിനാർ | ഭാഷയും സാഹിത്യവുമായി ബന്ധ | | - |

| | | | | |
|---|---|---|---|---|
| | | പ്പെട്ട ലഘു പ്രൊജക്ടുകൾക്കും സെമി നാറുകൾക്കും അവസര മൊരുക്കുക | 25-26 | |



## വിഷയമേഖല : യു.പി ഇംഗ്ലീഷ്

### I.ഹ്രസ്വകാലം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | വിശദാംശങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|---|
| അക്ഷരത്തെറ്റുകൂടാതെ എഴുതാനും വായിക്കാനും പ്രാപ്തരാക്കുക | പ്രീടെസ്റ്റ് | പ്രീടെസ്റ്റ് -പരിഹാരബോധനം സംഘടിപ്പിക്കൽ | 2025 ജൂൺ | |
| | വർക്ക് ഷീറ്റുകൾ വികസിപ്പിക്കൽ | നിശ്ചിത പഠനനേട്ടങ്ങളുമായിബന്ധപ്പെട്ട് വർക്ക്ഷീറ്റുകൾ വികസിപ്പിക്കൽ. പ്രത്യേക സഹായം ആവശ്യമായ കുട്ടികളെ കണ്ടെത്തൽ. പരിഹാരപ്രവർത്തനങ്ങൾ | ആദ്യടേം 2025 | 1000 |

### II.മധ്യമകാലം

| ലക്ഷ്യം | പ്രവർത്ത നങ്ങൾ | വിശദാംശങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|---|
| അക്ഷരത്തെറ്റുകൂടാതെ എഴുതാനും വായിക്കാനും പ്രാപ്തരാക്കുക | പദകേളി | പുതിയ പദങ്ങൾ ഉറപ്പിക്കുന്നതിനായി പദകേളികൾ. phonetics ചാർട്ടിന്റെ സഹായത്തോടെ ഉച്ചാരണം കൃത്യമാക്കുന്നു. | 25-26 | - |
| | ലാംഗ്വേജ് സോഫ്റ്റ്‌വെയർ | ഉച്ചാരണവുമായി ബന്ധപ്പെട്ട സോഫ്റ്റ്‌വെയറുകൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുക | 25-26 | - |
| വിവിധവ്യവഹാര രൂപങ്ങൾ മികച്ച രീതിയിൽ തയ്യാറാക്കാൻ ശേഷി | സംഭാഷണക്കളരി | ഓരോ യൂണിറ്റിലുംഅനുയോജ്യമായ ലളിതമായ തീമുകൾ കണ്ടെത്തി conversation വർക്ക്ഷീറ്റ് നൽകുന്നു. അവതരണം | 25-26 | - |

വിഷയമേഖല : യു.പി മലയാളം

## I. ഹ്രസ്വകാലം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | വിശദാംശങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|---|
| വായനയിലും എഴുത്തിലും മുഴുവൻ കുട്ടികളെയും നിശ്ചിതനിലവാരമുള്ളവരാക്കുക | വർക്ക്ഷീറ്റുകൾ | വിവിധ വ്യവഹാരരൂപങ്ങളുമായി ബന്ധപ്പെട്ട വർക്ക്ഷീറ്റുകൾ വികസിപ്പിക്കൽ | 2025 ആദ്യഘട്ടം | 2000 |
| | പ്രീ ടെസ്റ്റ് | മുൻ ക്ലാസ്സുകളിൽ പരിചയപ്പെട്ട വിവിധ വ്യവഹാരരൂപങ്ങളിൽ കുട്ടിയുടെ പഠനനില തിരിച്ചറിഞ്ഞ് പരിഹാരബോധനം നടത്തൽ | 25 ജൂൺ | - |
